# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 13 | പേജ് 6 | 2013 മെയ് 1–15



2 പള്ളിത്തർക്ക പരിഹാരത്തിന് മലബാർ മേഖലയെ മാതൃകയാക്കണം

3 മലങ്കരയിൽ ആദ്യമായി അഞ്ചുപേരെ മെത്രാൻ സ്ഥാനത്തേക്കുയർത്തിയ മഹൽ സംഭവം

4 ധ്യാനപംക്തി

5 വിശ്വാസികളുടെ നേർച്ച പണം മോഷ്ടാക്കൾ കൊണ്ടുപോകുന്നു


## യുവാക്കൾ കാലത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് പ്രവർത്തിക്കണം : പ.കാതോലിക്കാ ബാവാ

പാമ്പാക്കുട : കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പ്രവർത്തിക്കാൻ യുവജനങ്ങൾക്ക് കഴിയണമെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം പാമ്പാക്കുടയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. സഭയുടെ നാഡിമിടുപ്പ് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ യുവജനങ്ങൾക്ക് കഴിയണം. യുവജനസമ്മേളനം ഓർമ്മകൾ പുതുക്കാനും സഭയുടെ കെട്ടുപണിയിൽ സജീവരാകാനും സ്വയം സജ്ജീകരിക്കാനുള്ള അവസരമാണെന്നും സഭയുടെ പ്രതീക്ഷ യുവജനങ്ങളിലാണെന്നും പ.കാതോലിക്കാ ബാവാ പറഞ്ഞു.

ദൈവാത്മാവ് നമ്മിൽ നിറയുമ്പോൾ ഭയപ്പാടും ആശങ്കകളും മാറും. പീഢനങ്ങൾക്ക് കീഴ്പ്പെടില്ല. ദൈവാത്മാവിനെ ഉൾക്കൊള്ളുമ്പോൾ ആദ്ധ്യാത്മികമായ കരുത്ത് ലഭിക്കും. യാതനകളിലൂടെയാണ് പ.സഭ കടന്നുവന്നിട്ടുള്ളത്. പൂർവ്വ പിതാക്കന്മാർ ദുഃഖങ്ങൾ അനുഭവിച്ചു. ഇന്നും പലവിധ ദുഃഖങ്ങളും വൈഷമ്യങ്ങളുമുണ്ട്. പക്ഷെ തളർന്നുപോകാതെ നീതിയുടെയും സത്യത്തിന്റെയും മാർഗ്ഗത്തിലൂടെ മുമ്പോട്ട് പോകാൻ സാധിക്കണം. സത്യവിരുദ്ധമായി പ്രവർത്തിക്കുക ക്രിസ്ത്യാനികളുടെ സ്വഭാവമല്ല. ക്രിസ്തുവിന്റെ ക്രൂശാരോഹണ വേളയിൽ ശിഷ്യഗണം മാനസികമായി തളർന്നു. സ്വർഗ്ഗാരോഹണ വേളയിൽ ക്രിസ്തു അവരോട് പറഞ്ഞത് നിങ്ങൾ കാത്തിരിക്കുക. ദൈവാത്മാവിനെ പകർന്നുതരും എന്നാണ്. പെന്തിക്കോസ്തിയിൽ ദൈവാത്മാവിൽ നിറഞ്ഞതോടെ അവർക്ക് ധൈര്യം ലഭിച്ചു. പീഢകൾക്കിടയിലും മാനസിക സമാധാനം അനുഭവിക്കാൻ കഴിഞ്ഞു. ആധുനിക കാലത്ത് നാം അനേക ദുരിതങ്ങൾ അനുഭവിക്കുന്നുണ്ട്. ദൈവാത്മാവിൽ നിറയുകയാണ് ദുഃഖങ്ങളെ തരണം ചെയ്യുവാനുള്ള പ്രതിവിധി എന്ന് പ.ബാവാ ഓർമ്മിപ്പിച്ചു.

യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്താ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ.തോമസ് മാർ അത്താനാസിയോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ജേക്കബ് കുര്യൻ, ഫാ.പി.വൈ.ജസ്സൻ, ഫാ.മാത്യൂസ് റ്റി.ജോൺ, പ്രിനു റ്റി.മാത്യൂസ്, ഫാ.മാത്യൂസ് ചകിരിയിൽ, തോമസ് തടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

യുവജനപ്രസ്ഥാനത്തിന്റെ 77-ാമത് വാർഷിക സമ്മേളനമാണ് ഏപ്രിൽ 30 മുതൽ മെയ് 3 വരെ പാമ്പാക്കുട എം.റ്റി.എം. ഹയർ സെക്കണ്ടറി സ്ക്കൂളിൽ നടക്കുന്നത്. പരിശുദ്ധാത്മാവേ ഞങ്ങളെ പുതുതാക്കണമെ എന്നതാണ് സമ്മേളനത്തിന്റെ ചിന്താവിഷയം.

## മാമ്മലശ്ശേരി പള്ളി : ഓർത്തഡോക്സുകാരെ അക്രമിച്ച പാത്രിയർക്കീസ് വിഭാഗം പ്രതികൾക്ക് 21 വർഷം വീതം കഠിനതടവും 2.16 ലക്ഷം പിഴയും

കൊച്ചി : മാമ്മലശ്ശേരി പള്ളിയിൽ 2011 നവംബർ 27-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്ക് എത്തിയ ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം അഡ്വ.വർഗീസുകുട്ടി ഉൾപ്പെടെ അഞ്ചുപേരെ മർദ്ദിച്ച പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട ആറുപ്രതികൾക്ക് കോടതി 21 വർഷം വീതം കഠിനതടവും 2.16 ലക്ഷം രൂപാ പിഴയും വിധിച്ചു. രാമമംഗലം സ്വദേശികളായ തുണ്ണാമല ജോയി, തച്ചിലുകണ്ടത്തിൽ ജോയി, ഓട്ടോക്കുഴിയിൽ മത്തായി, ഓട്ടോക്കുഴിയിൽ പൗലോസ്, തളിയാംപറമ്പിൽ ജോ പോൾ, പിറവം മംഗലത്ത് പൗലോസ് എന്നിവർക്കാണ് അഡീ.സെഷൻസ് ജഡ്ജി ബി. വിജയൻ ശിക്ഷ വിധിച്ചത്. ഏഴു വകുപ്പുകളിലായി ആറു പ്രതികൾക്കും കോടതി 21 വർഷവും ആറുമാസവും കഠിനതടവാണ് വിധിച്ചത്. എന്നാൽ എല്ലാ ശിക്ഷയും ഒരുമിച്ച് പത്തുവർഷം അനുഭവിച്ചാൽ മതി. പ്രതികൾ 36000 രൂപ വീതം പിഴയടക്കണം. ഇതിൽ 1.25 ലക്ഷം രൂപാ ഗുരുതരമായി പരിക്കേറ്റ വർഗീസുകുട്ടിക്കും ബാക്കി അക്രമത്തിൽ പരക്കേറ്റ മറ്റുള്ളവർക്കും തുല്യമായി നൽകണം. സംഭവസമയത്ത് പ്രായപൂർത്തിയാകാതിരുന്ന അഞ്ചാം പ്രതി എൽദോ ജോയിയുടെ വിചാരണ ജുവനൈൽ ബോർഡ് മുമ്പാകെ നടക്കും. കേസിലെ രണ്ടാം പ്രതി തച്ചിലുകണ്ടത്തിൽ ജോയിയുടെ മകനാണ് എൽദോ ജോയി. രാമമംഗലം പോലീസ് സമർപ്പിച്ച കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ കേസിൽ പ്രോസിക്യൂഷനുവേണ്ടി ജില്ലാ അഡീ.പബ്ലിക്ക് പ്രോസിക്യൂട്ടർ സന്ധ്യാറാണി ഹാജരായി.

## പുതുപ്പള്ളി, ചന്ദനപ്പള്ളി തുടങ്ങി മലങ്കര സഭയിലെ വിവിധ പള്ളികളിൽ വി.ഗീവർഗീസ് സഹദായുടെ പെരുന്നാൾ വിവിധ പരിപാടികളോടെ ഭക്തിനിർഭരമായി ആഘോഷിക്കുന്നു

## അറുപതു വർഷങ്ങൾക്കുമുമ്പ് മലങ്കരയിൽ ആദ്യമായി അഞ്ചുപേരെ മെത്രാൻ സ്ഥാനത്തേക്കുയർത്തിയ മഹൽസംഭവം


ഫാ.ഡോ.എം.ഒ.ജോൺ


### ആമുഖം

മലങ്കരസഭാചരിത്രത്തിൽ ആദ്യമായി അഞ്ചുപേരെ മെത്രാൻസ്ഥാനത്തേക്കുയർത്തിയ മഹൽ സംഭവം നടന്നിട്ട് അറുപതു വർഷം പൂർത്തിയാകുന്നു.

കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് 1953 മെയ് 15-ാം തീയതിയാണ് പ.ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി പത്രോസ് മാർ ഒസ്താത്തിയോസ് (സ്ലീബാദാസസമൂഹം), പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് (കോട്ടയം), വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് (മാത്യൂസ് പ്രഥമൻ ബാവാ), ദാനിയേൽ മാർ പീലക്സിനോസ് (തുമ്പമൺ), മാത്യൂസ് മാർ കൂറിലോസ് (മാത്യൂസ് ദ്വിതീയൻ ബാവാ) എന്നിവരെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്തിയത്.

### ആദ്യമായി അഞ്ചു മെത്രാന്മാർ

മലങ്കര നസ്രാണികളുടെ കൂട്ടത്തിൽ ഈ നാട്ടുകാരായ മെത്രാന്മാരുണ്ടാകുന്നത് 1653 -ലെ കൂനൻകുരിശ് സത്യത്തിനുശേഷം മാത്രമാണ്. അതിനു മുമ്പ് മലങ്കരയിൽ ഇന്നാട്ടുകാരായ ആരെങ്കിലും മെത്രാന്മാരായതായി അറിയില്ല. 1653ൽ പകലോമറ്റം കുടുംബത്തിൽപ്പെട്ട തോമ്മാ അർക്കദിയാക്കോൻ മാർത്തോമ്മാ (ഒന്നാമൻ) എന്ന പേരിൽ മെത്രാനായി. അതുമുതൽ മഹാനായ മാർത്തോമ്മാ ആറാമൻ (മാർ ദീവന്നാസിയോസ് ഒന്നാമൻ) ഉൾപ്പെടെ മാർത്തോമ്മാ എട്ടാമനും ഒമ്പതാമനും വരെ ആ കുടുംബത്തിൽപ്പെട്ട മെത്രാന്മാരായിരുന്നു. 1815 -നുശേഷം പകലോമറ്റം കുടുംബത്തിനു പുറത്തുനിന്നും പുലിക്കോട്ടിൽ ദീവന്നാസിയോസും ഇതിനിടെ തോഴിയൂർ കൂറിലോസും, തോഴിയൂർ പീലക്സിനോസും, പുന്നത്ര ദീവന്നാസിയോസും, പാലക്കുന്നത്ത് അത്താനാസിയോസും ഒക്കെ ഇന്നാട്ടുകാരായ മെത്രാന്മാരായി.

1653 മുതൽ 1876-ലെ മുളന്തുരുത്തി സുന്നഹദോസ് വരെയുള്ള നൂറിലധികം വർഷക്കാലം ആകെ പതിനാറ് മെത്രാന്മാരാണ് ഇന്നാട്ടുകാരായി ഉണ്ടായിരുന്നത്. അതിനുശേഷം 1953 വരെയുള്ള കാലത്ത് പത്തുപേർകൂടി മെത്രാന്മാരായിട്ടുണ്ടാവും അങ്ങനെ ഏകദേശം 1653 മുതൽ 1953 വരെയുള്ള മുന്നൂറുവർഷക്കാലം ആകെക്കൂടി 25 -26 തദ്ദേശീയ മെത്രാന്മാരാണ് 1900 വർഷത്തെ പാരമ്പര്യമുള്ള മലങ്കരസഭയിലുണ്ടായത്. ആ ഒരു പശ്ചാത്തലത്തിൽ നോക്കുമ്പോഴാണ് 1953-ൽ അഞ്ചുപേരെ ഒന്നിച്ച് മെത്രാന്മാരായി വാഴിച്ചതിന്റെ പ്രാധാന്യവും മഹത്വവും വർദ്ധിക്കുന്നത്.

### പ്രശ്നകലുഷിതമായ കാലഘട്ടം

1953നു തൊട്ടുമുമ്പും തൊട്ടുപിമ്പുമുള്ള കാലം മലങ്കരസഭയെ സംബന്ധിച്ച് വളരെ പ്രശ്നകലുഷിതമായ ഒരു കാലഘട്ടമായിരുന്നു. 1934-ൽ കോട്ടയം എം.ഡി.സെമിനാരിയിൽ മലങ്കര അസോസിയേഷൻ യോഗം കൂടി സഭാഭരണഘടന പാസ്സാക്കുകയും പ.ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും ചെയ്തു. ആ നടപടികളെ ചോദ്യംചെയ്ത് തള്ളിക്കളഞ്ഞ പാത്രിയർക്കീസ് വിഭാഗം 1935-ൽ കരിങ്ങാച്ചിറ പള്ളിയിൽ ബദൽ മലങ്കര അസോസിയേഷൻ യോഗം കൂടി ആലുവായിലെ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്താ ആയും അവിരാ ജോസഫ് കത്തനാരെയും, തുകലൻ പൈലോ അവിരായെയും കൂട്ടുട്ര


(ശേഷം പേജ് 3-ൽ)


### മെത്രാൻസ്ഥാനാഭിഷേകത്തിന്റെ അറുപതാം വാർഷികം

സ്ലീബാദാസ സമൂഹ സ്ഥാപകനും മലബാർ ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്തായുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ്

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്

ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായും പിന്നീട് കാതോലിക്കായുമായ വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ്

തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ദാനിയേൽ മാർ പീലക്സിനോസ്

കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തായും പിന്നീട് കാതോലിക്കായുമായ മാത്യൂസ് മാർ കൂറിലോസ്

എന്നിവരുടെ മെത്രാൻ സ്ഥാനാഭിഷേകം 1953 മെയ് 15-ാം തീയതി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് നടന്നിട്ട് അറുപതു വർഷം തികയുന്നു. മലങ്കരസഭാചരിത്രത്തിൽ ആദ്യമായാണ് അഞ്ചുപേരെ ഒന്നിച്ച് മെത്രാൻസ്ഥാനത്തേക്ക് ഉയർത്തിയത്.

# യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയ്ക്ക് മുമ്പ് ഏർപ്പെട്ടിരുന്ന തൊഴിൽ മരപ്പണിയോ, കൃഷിപ്പണിയോ?

തോമസ് കുളത്തിൻകരോട്ട്, തുമ്പമൺ

യേശു തന്റെ പരസ്യശുശ്രൂഷാരംഭം മുതൽ അവസാനം വരെ ആത്മീയ സത്യങ്ങളെ അന്നത്തെ ജനതയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചത് ഉപമകളിൽക്കൂടിയാണ്. ഈ ഉപമകൾ ഒട്ടുമിക്കാലും അടിസ്ഥാനപരമായി കാർഷികബന്ധമുള്ളതായിരുന്നു. ആ കാലത്ത് അവിശ്വാസികളായ ഒരു സമൂഹമായിരുന്നുവല്ലോ കേഴ്‌വിക്കാർ. ഇവർ മുഖ്യമായും കൃഷിയിൽ ഉൾപ്പെട്ടിരുന്നതിനാലാണ് യേശുക്രിസ്തു ഈ ബോധന (അദ്ധ്യാപനം) തന്ത്രം ഉപയോഗിച്ചത്. കാർഷികമായി യഥാർത്ഥ പ്രായോഗിക ജ്ഞാനം ഉള്ള ഒരാൾക്കേ ഈ രംഗത്ത് വിജയപ്രദമാകാൻ സാധ്യമാവുകയുള്ളു. അതിനാൽ യേശുക്രിസ്തുവിന് എങ്ങനെ കാർഷിക ജ്ഞാനം ലഭിച്ചു എന്ന് ചിന്തിക്കുന്നത് ഉചിതമല്ലെ.

പന്ത്രണ്ട് വയസ്സു മുതൽ പരസ്യശുശ്രൂഷയിൽ ആരംഭമിട്ടു 30 വയസ്സുവരെയുള്ള കാലഘട്ടത്തിലുള്ള യേശുവിന്റെ ജീവിതചര്യയും ജീവിതവും വേദപുസ്തകത്തിൽ വേണ്ടത്ര പ്രതിപാദിച്ചിട്ടില്ല. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു (ലൂക്കോസ് 2:52) എന്ന വേദവാക്യമല്ലാതെ ഈ കാലഘട്ടത്തെപ്പറ്റി വേറൊരു പരാമർശവും വേദപുസ്തകത്തിൽ കാണുന്നില്ല. ഈ കാലയളവിൽ യേശു മാതാപിതാക്കന്മാരെ സഹായിച്ചു ജീവിച്ചു എന്നാണ് നമ്മെ വിശ്വസിപ്പിച്ചിരിക്കുന്നതും നാം വിശ്വസിച്ചുപോരുന്നതും. അപ്പൻ ജോസഫ് മരപ്പണി (ആശാരിപ്പണി) ചെയ്താണ് ഉപജീവനം നടത്തിയിരുന്നത്. അതിനാൽ മകൻ യേശുവും അപ്പനെ സഹായിച്ചുകാണും. തർക്കമില്ല. വേദപുസ്തകപ്രകാരം യേശുവിന് യാക്കോബ് യോസെ, യൂദാ, ശീമോൻ എന്ന നാലു സഹോദരന്മാരും രണ്ട് സഹോദരിമാരും അങ്ങനെ യേശുവിന്റെ കുടുംബം ഒമ്പതു പേർ അടങ്ങിയതായിരുന്നു. സാധാരണ ഗതിയിൽ ഈ വൻ കുടുംബത്തിന് ഒരു കൃഷിത്തോട്ടമുണ്ടായിരിക്കാനും വേണ്ടിയ ഭക്ഷണ പഥാർത്ഥങ്ങൾ ഉത്പാദിപ്പിക്കാൻ പറ്റിയ കൃഷിപ്പണികളും നടത്തിക്കാണുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അപ്പോൾ നിലമൊരുക്കൽ, വിത്തുവിതയ്ക്കൽ, കളനിർമ്മാർജ്ജനം, വളപ്രയോഗം, കൊയ്ത്തുമെതി, വിളവൊരുക്കൽ എന്നീ പ്രക്രിയയിൽ യേശുവും ഉൾപ്പെട്ട് പ്രായോഗിക ജ്ഞാനം സമ്പാദിച്ചുകാണാം. പന്ത്രണ്ടാം വയസ്സിൽ യെറുശലേം ദേവാലയത്തിൽവെച്ച് പണ്ഡിതന്മാരുമായി അസാധാരണ അറിവോടും പ്രാഗത്ഭ്യത്തോടും കൂടി സംവാദം നടത്തിയ ആളായതിനാൽ കൃഷിയിലും അന്നത്തെ സാമൂഹ്യപരിസ്ഥിതിയിലും സ്വന്തം അനുഭവത്തിനുപരി മറ്റുള്ളവരിൽനിന്നും വേണ്ടത്ര ജ്ഞാനം ആർജ്ജിച്ചെടുത്തുകാണുമെന്നും അനുമാനിക്കാം.

വിവിധ വിളകളും മൃഗങ്ങളും പക്ഷികളും അടങ്ങിയ സമ്മിശ്ര കൃഷിരീതിയായിരുന്നു യെവനന്മാരുടെയും റോമാക്കാരുടെയും പുരാതന കൃഷിസമ്പ്രദായം. ഇതിൽനിന്നും വിഭിന്നമായിരുന്നില്ല യിസ്രായേൽജാതിയും അനുവർത്തിച്ചിരുന്നത്. ഫലഭുഷ്ടിയേറിയതും പാലും തേനും ഒഴുക്കാൻ പറ്റിയതുമായ കനാൻദേശം യിസ്രായേൽ ജനതയ്ക്ക് യെഹോവ നൽകാനുള്ള കാരണവും ഇതുതന്നെ. പ്രാചീനകാലത്ത് ഒരാളിന്റെ സമ്പത്തിന്റെ അളവുകോൽ അയാളുടെ അധീനതയിലുള്ള ഭൂമി ആടുമാടുകൾ അടിമകൾ എന്നിവകളുടെ ബാഹുല്യം കണക്കിലെടുത്തായിരുന്നല്ലോ. ഇവകൾ കൂടുതലുള്ള ആൾ ധനവാനാണ്. ബാങ്ക് നിക്ഷേപമോ ഫാക്ടറികളോ മറ്റു സ്ഥാപനങ്ങളോ അന്നുണ്ടായിരുന്നില്ലല്ലോ.

കൃഷിഭൂമികളെ നാലുതരത്തിലായിരുന്നു യേശുവിന്റെ കാലത്ത് തരംതിരിച്ചിരുന്നത്. രാജാവിനുവേണ്ടി രാജാവിന്റെ ആശ്രിതർ കൃഷിചെയ്തിരുന്ന കൊട്ടാരംവക ഭൂമി പള്ളികൾക്കും ക്ഷേത്രങ്ങൾക്കും രാജാവും ജനങ്ങളും സമർപ്പിച്ചിട്ടുള്ള പുണ്യഭൂമി പട്ടാള മേധാവികൾക്കും പ്രഭുക്കന്മാർക്കും അടിയറ വെച്ചിട്ടുള്ള ഭൂമി, സാധാരണക്കാരായ ജനങ്ങൾ ഉപജീവനത്തിനും വില്പനയ്ക്കും മറ്റുമായി കൃഷിചെയ്തുവന്നിരുന്ന ഭൂമി.

യേശുവിന്റെ കാലത്ത് ഗലീലനാട് ഭരിച്ചിരുന്ന ഹെരോദാ രാജാവിന്റെ ഭരണതന്ത്രം രാജാവിന്റെയും പ്രഭുക്കന്മാരുടെയും ഭൂമി പരമാവധി വർദ്ധിപ്പിക്കണമെന്നുള്ളതായിരുന്നു. കരവും നികുതിയും ഇടയ്ക്കിടയ്ക്ക് കൂട്ടുകയും ഇവകൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ജനങ്ങളുടെ ഭൂമി പിടിച്ചെടുക്കുകയും പതിവായിരുന്നു. കൂടാതെ കെട്ടിടനിർമ്മാണത്തിലും കൊട്ടാര ആഢംബരത്തിലും പ്രിയനായിരുന്ന ഹെരോദാവ് ഈ വകകൾക്കും നികുതി വസൂലാക്കി ജനങ്ങളെ കഷ്ടപ്പെടുത്തിയിരുന്നു. ഗലീലനാട്ടിലെ ചെറുകിട കർഷകർ ഇതിനെതിരെ പ്രതിഷേധമല്ല ഒരു വിപ്ലവംതന്നെ നടത്തിയതായി ചരിത്രരേഖയുണ്ട്. ഇപ്രകാരം കൃഷിഭൂമിയുടെ ദൗർലഭ്യം സാധാരണക്കാർക്ക് വന്നപ്പോൾ അവർ മലമുകളിലും ചരുവുകളിലും വൻ കാട്ടുമരങ്ങളുടെ ഇടയിൽ ഒലിവു മരങ്ങളും ഇവകളുടെ ഇടയിൽ കായ്കനികളും ധാന്യങ്ങളും വളർത്തുന്ന മൂന്നുശ്രേണി കൃഷിസമ്പ്രദായം അനുവർത്തിച്ചിരുന്നതായും ചരിത്രരേഖകൾ വെളിവാക്കുന്നുണ്ട്.

പുരാതന യിസ്രായേൽ ജനത കാർഷികകാലങ്ങളെ ആറു സീസണുകളായി തരംതിരിച്ചിരിക്കുന്നു. 1. വിതകാലം, 2. വളർച്ചക്കാലം, 3. ശീതകാലം, 4. കൊയ്ത്തുകാലം, 5. വേനൽക്കാലം, 6. അത്യുഷ്ണകാലം. ഇവകൾ കണക്കിലെടുത്താണ് കാർഷികപ്രവർത്തികൾക്കും മറ്റും പ്രവർത്തനങ്ങൾക്കും അതിന്റേതായ കാലമുണ്ടെന്ന് യേശുക്രിസ്തു പ്രസ്താവിച്ചിട്ടുള്ളത്.

മേൽ ചൂണ്ടിക്കാണിച്ച പശ്ചാത്തലങ്ങൾ ആകപ്പാടെ കണക്കിലെടുത്തുവേണം യേശുക്രിസ്തു അരുളിച്ചെയ്ത കാർഷിക ബന്ധമുള്ള ഉപമകളെ നമ്മൾ വിലയിരുത്തേണ്ടത്. മുടിയനായ പുത്രന്റെ കഥയിൽ അപ്പനെ ഒരു വൻകിട കൃഷിക്കാരനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ധാരാളം കൃഷിഭൂമി ആടുമാടുകൾ പന്നി എന്നിവകൾ വേണ്ടത്രോളം തൊഴിലാളികൾ, കളപ്പുരകൾ. ഇതുപോലെ വിത്തുവിതയ്ക്കൽ ഉപമയിൽ കർഷകൻ, വിത്ത്, വഴി, പാറകൾ, മണ്ണ്, മുൾച്ചെടികൾ എന്നിവകളെ എല്ലാം പരാമർശിച്ചിട്ടുണ്ട്. തോട്ടത്തിലെ ഫലം നൽകാത്ത അത്തിവൃക്ഷത്തിന്റെ ഉപമ പരിശോധിച്ചാൽ അത്തിമരങ്ങൾക്കു ചുറ്റും തടമെടുക്കുന്നതിനെപ്പറ്റിയും വളപ്രയോഗം നടത്തേണ്ട രീതിയെപ്പറ്റിയും വിസ്തരിക്കുന്നുണ്ട്. ഇതുപോലെ ഗോതമ്പുവിത്ത് കടുകുമണി എന്നിവയെപ്പറ്റിയും കൊമ്പും മുന്തിരിവള്ളിയും തമ്മിലുള്ള ബന്ധം, പുതിയ വീഞ്ഞിന്റെ സൂക്ഷിപ്പ് എങ്ങനെ വേണം എന്നും മറ്റുമുള്ള പരാമർശങ്ങൾ യേശുവിന്റെ യഥാർത്ഥ കൃഷിവിജ്ഞാനം വെളിവാക്കുന്നതാണ്.

# പള്ളിത്തർക്ക പരിഹാരത്തിന് മലബാർ മേഖലയെ മാതൃകയാക്കാം

റോയ് ചാക്കോ ഇളമണ്ണൂർ

പള്ളിത്തർക്കങ്ങൾ പരിഹരിക്കുന്നതിൽ മലബാർ മേഖലയെ മാതൃകയാക്കാം. തർക്കം നിലനിൽക്കുന്ന പള്ളികളിൽ ഭാഗം വെച്ച് പിരിയുക എന്ന മലബാർ മാതൃക ഈ പ്രദേശത്തെ സമ്പൂർണ്ണ വ്യവഹാരരഹിത ഭദ്രാസനമാക്കുന്നതായി മനോരമയിൽ മാർച്ച് 26ന് വാർത്തകണ്ടു. ഇവിടെ തർക്കത്തിലിരിക്കുന്ന പതിനഞ്ചോളം പള്ളികളിൽ ഇതുവരെ ഇപ്രകാരം സമാധാനം ഉണ്ടായി. 25 വർഷമായി ഓർത്തഡോക്സ് - യാക്കോബായ തർക്കം നിലനിന്ന കോറോം സെന്റ് മേരീസ് പള്ളിയിൽ ഇരുവിഭാഗക്കാരുടെ പ്രാദേശിക നേതാക്കൾ നടത്തിയ ചർച്ച ഫലം കണ്ടു. പാത്രിയർക്കീസ് സഭയുടെ മലബാർ ഭദ്രാസനാധിപനും ഓർത്തഡോക്സ് സഭയുടെ ബത്തേരി ഭദ്രാസനാധിപനും ചർച്ച നടത്തി. തുടർന്ന് പള്ളി പ്രതിനിധികളും സമാധാന ഉടമ്പടിപ്രകാരം വസ്തു ഇരുകൂട്ടർക്കും വീതിച്ചുനൽകി. സെമിത്തേരി ഇരുവിഭാഗത്തിനും പൊതുവായി ഉപയോഗിക്കാൻ അവകാശമുണ്ട്. അപ്രകാരം വഴക്കും കേസും എല്ലാം ഒത്തുതീർന്നതായിട്ടാണ് വാർത്ത.

ഇതുപോലെ ഭദ്രാസനതലത്തിൽ ചർച്ച നടത്തിയാൽ പരിഹാരം കാണാൻ സാധിക്കുന്ന നിരവധി പള്ളികൾ ഇരുസഭയിലും ഉണ്ടാകും. പഴയകണക്കും നിരത്തി മാങ്ങയാണോ മാവാണോ ആദ്യം ഉണ്ടായത്, വേലിയിൽ വളർന്നതാര്, നിലത്തുപടർന്നതാര് എന്ന് ഭൂതകാല പരിശോധന വ്യഥാ നടത്തി അവകാശവാദങ്ങൾ പരസ്പരം ഉന്നയിച്ച് സമയം കളയാതെ ചർച്ചയിലൂടെ തർക്കങ്ങൾ പരിഹരിക്കുന്നതല്ലെ ഉചിതം? ഒരുവീട്ടിൽ ജനിച്ചുവളർന്ന സഹോദരങ്ങൾ ഒരു പ്രായമാകുമ്പോൾ വേറെ വീടുവെച്ച് താമസിക്കുന്നതുപോലെ കണ്ടാൽ പോരെയോ ഇരുവിഭാഗവും വേറെ സഭകളായി പള്ളികളായി ജീവിക്കുന്നത്?

ചില പള്ളികളുടെ കാര്യത്തിൽ പ്രാദേശികതലത്തിൽ ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിച്ചെന്ന് വരില്ല. സഭാതലത്തിലും ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിച്ചെന്നു വരില്ല. ആ പള്ളികളുടെ കാര്യം കോടതി നിശ്ചയിക്കട്ടെ. എന്നാൽ ഭൂരിഭാഗം ഇടവകകളിലും തർക്കം ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നാണ് മലബാറിലെ 15 പള്ളികളുടെ ഇതുവരെയുള്ള ഒത്തുതീർപ്പുകളും കേസ് പിൻവലിക്കൽ സംഭവങ്ങളും തെളിയിക്കുന്നത്. മലബാറിൽ ചർച്ചയ്ക്ക് തയ്യാറായ ഇരുവിഭാഗത്തിലെയും മെത്രാപ്പോലീത്താമാരെ അഭിനന്ദിക്കണം. അവരാണ് സമാധാനപ്രിയർ. അവർ ഇരുസഭകളിലെയും മറ്റ് മെത്രാപ്പോലീത്താമാർക്ക് ഇക്കാര്യത്തിൽ വഴികാട്ടികളാകട്ടെ. മറ്റ് ഭദ്രാസനങ്ങളിലെ തർക്കമുള്ള പള്ളികളുടെ കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കുവാൻ നിങ്ങൾക്ക് (ഈ രണ്ട് ബിഷപ്പുമാർക്ക്) മുൻകൈ എടുക്കാമല്ലോ, ബഹുമാനപ്പെട്ടഭദ്രാസനാധിപന്മാരുടെ എതിർപ്പില്ലെങ്കിൽ. സമാധാനം ആഗ്രഹിക്കുന്ന ഇടവകജനതയും ഭദ്രാസനാധിപനും വേണം ഇരുവശത്തും എന്ന കാര്യം പ്രധാനപ്പെട്ട വിഷയംതന്നെ. ആദ്യം കോഴിയിൽനിന്നാണോ കോഴിമുട്ടയുണ്ടായത് അതോ കോഴിമുട്ടയിൽനിന്നാണോ കോഴി ഉണ്ടായത് എന്ന കാര്യത്തിൽ തർക്കിച്ചുകൊണ്ടിരുന്നാൽ കേസുകൾ നീണ്ടുപോകും നൂറ്റാണ്ടുകളോളം എന്നല്ലാതെ മറ്റ് പ്രയോജനമൊന്നുമില്ല. ഇരുകൂട്ടരും പറയുന്നതാണ് ശരി എന്ന് തോന്നുന്ന വാദങ്ങളാണല്ലോ ഇരുകൂട്ടരും ദശകങ്ങളായി നിരത്തിക്കൊണ്ടിരിക്കുന്നത്.

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്

# മലങ്കരയിൽ ആദ്യമായി അഞ്ചുപേരെ മെത്രാൻ സ്ഥാനത്തേക്കുയർത്തിയ മഹൽസംഭവം....പേജ് 1–ൽനിന്ന്

ഫാ.ഡോ.എം.ഒ.ജോൺ

സ്റ്റികളായും തെരഞ്ഞെടുത്തു.

പാത്രിയർക്കീസ് ഭാഗത്തെ മൂന്നു ട്രസ്റ്റികളും കൂടിച്ചേർന്ന് 1938 മാർച്ച് 10ന് ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും കൂട്ടുട്രസ്റ്റികളുടെയും പേരിൽ കോട്ടയം ജില്ലാകോടതിയിൽ കേസുകൊടുത്തു. കോട്ടയം പഴയ സെമിനാരിയിൽ താമസിക്കുന്ന ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്നുകൂടി അറിയപ്പെടുന്ന കല്ലാച്ചേരിൽ പുന്നൂസ് എന്നായിരുന്നു ഒന്നാം പ്രതിയായ പ.ഗീവർഗീസ് ദ്വിതീയൻ ബാവായെക്കുറിച്ച് അന്യായത്തിൽ പറഞ്ഞിരുന്നത്. മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തെ പൂർണ്ണമായും അംഗീകരിക്കുന്നതിനും, ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ തുടങ്ങിയ സ്ഥാനങ്ങളെയും മെത്രാൻസ്ഥാനത്തെപ്പോലും നിരാകരിക്കുന്നതിനും പള്ളികളും സ്വത്തുക്കളും പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശം നേടുന്നതിനും വേണ്ടിയായിരുന്നു കേസ്. ജില്ലാകോടതിയിൽ സമർപ്പിച്ചിരുന്ന ഈ കേസ് 1943 മകരം അഞ്ചിന് ചെലവുസഹിതം തള്ളി. ഈ വിധിയിന്മേൽ വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. കേസുകേട്ട തിരുവിതാംകൂർ ഹൈക്കോടതി 1946–ൽ പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായ വിധി പ്രസ്താവിച്ചു. ഈ വിധി റിവ്യു ചെയിയുന്നതിന് പ്രതികൾ വീണ്ടും ഹൈക്കോടതിയെ സമീപിച്ചു. റിവ്യുവിന്റെ സാധുതയെതന്നെ ചോദ്യംചെയ്യപ്പെട്ടപ്പോൾ ചീഫ് ജസ്റ്റിസ് ഉൾക്കൊള്ളുന്ന അഞ്ചംഗ ബഞ്ച് റിവ്യു ഹർജി നിലനിൽക്കുന്നതാണെന്നു വിധിച്ചു. ഇതിനിടെ ഭാരതം സ്വതന്ത്രമാവുകയും തിരു–കൊച്ചി ഹൈക്കോടതി രൂപപ്പെടുകയും കേസ് തിരുകൊച്ചി ഹൈക്കോടതിയുടെ പരിഗണനയ്ക്കു വരികയും ചെയ്തു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് കുഞ്ഞിരാമനും, ജസ്റ്റിസുമാരായ ജോസഫ് വിതയത്തിലും, പി.കെ.സുബ്രമണ്യയ്യരും ഉൾപ്പെട്ട ഫുൾ ബെഞ്ചാണ് വാദം കേട്ടത്. അവർ 1951 ഡിസംബർ 21–ാം തീയതി പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായ വിധി പ്രസ്താവിച്ചു. ഈ വിധിയുടെ മേൽ കാതോലിക്കായ്ക്ക് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുവാനുള്ള അനുമതിയും ഹൈക്കോടതി നിഷേധിച്ചു. ജസ്റ്റിസ് വിതയത്തിൽ എഴുതിയ വിധിയോട് ജസ്റ്റിസ് കുഞ്ഞിരാമനും, സുബ്രമണ്യയ്യരും യോജിക്കുകയായിരുന്നു.

## ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടേണ്ട

മലങ്കരസഭയുടെ അടിത്തറ ഇളകിയ വെള്ളിടിപോലെയായിരുന്നു ജസ്റ്റിസ് വിതയത്തിൽ എഴുതിയ ഹൈക്കോടതിവിധി വന്നു ഭവിച്ചത്. പത്തുലക്ഷത്തോളം രൂപാ അക്കാലത്ത് ഈ കേസിനുവേണ്ടി ചെലവായതായാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. കാതോലിക്കോസിന്റെ വൈദികവും ലൗകീകവുമായ അധികാരാവകാശങ്ങൾ പ്രയോഗിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള വിധി വന്നപ്പോൾ പ.കാതോലിക്കാ ബാവാ കൽക്കട്ടായിലായിരുന്നു. വയോവൃദ്ധനായ ആ മഹാപുരോഹിതനെ ഈ വിധി അടിച്ചുവീഴ്ത്തുമെന്ന ഭയമുണ്ടായിരുന്നു. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്. മലങ്കരസഭാമക്കളെ അഭിസംബോധന ചെയ്തുകൊണ്ട് "ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട......." എന്നറിയപ്പെടുന്ന സുപ്രസിദ്ധമായ കല്പന അദ്ദേഹം കൽക്കട്ടയിൽനിന്ന് എഴുതി. ആ കല്പനയിൽ അദ്ദേഹം എഴുതി "....... നമ്മുടെ ഇവിടുത്തെ താമസത്തിനിടക്ക് സമുദായകേസിന്റെ വിധി പ്രസ്താവിക്കപ്പെട്ടതായും അത് നമുക്ക് അനുകൂലമല്ലാതിരിക്കുന്നതായും അറിഞ്ഞു. ഇതിൽ നമ്മുടെ മക്കളിൽ പലരും നിരാശപ്പെട്ടിരിക്കുമോ എന്ന് നമുക്ക് ശങ്ക ഉണ്ടായിരുന്നു. വെള്ളിയാഴ്ച ക്രൂശിക്കപ്പെട്ട സത്യം ഞായറാഴ്ച ഉയർക്കപ്പെട്ടപോലെ, വെള്ളിയാഴ്ച നൽകപ്പെട്ട ഈ ലൗകീക ന്യായവിധിയെ അതിശയിച്ചു സത്യം ഉയർക്കുകതന്നെ ചെയ്യും. നിങ്ങൾ പല സ്ഥലങ്ങളിലും നമുക്ക് സ്വീകരണങ്ങൾ ഒരുക്കുന്നതായി കമ്പി സന്ദേശങ്ങൾ കട്ടിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഉത്സാഹവും ഉണർവ്വും നല്ലതുതന്നെ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കേസിന്റെ വിധിയോ അനന്തകരണീയസംഗതികളോ നമ്മെ വ്യാകുലപ്പെടുത്തുന്നില്ല. നിങ്ങളും ധീരമായും അചഞ്ചലമായും നിൽക്കുമെന്ന് നമുക്ക് ഉറപ്പുണ്ട്. തന്റെ ശിഷ്യന്മാരെ ലോകത്തിന്റെ നാനാ ഭാഗത്തേക്കും പറഞ്ഞയക്കുമ്പോൾ നമ്മുടെ കർത്താവ് അവർക്ക് കൊടുത്ത 'ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടേണ്ട' എന്ന ദിവ്യസന്ദേശം നിങ്ങളുടെ ഉയർപ്പിനും ആശ്വാസത്തിനുമായി അയക്കുന്നു.......".

കൽക്കട്ടയിൽനിന്നു തീവണ്ടിയിൽ വന്നിറങ്ങിയ ബാവായ്ക്ക് കൊട്ടാരക്കര മുതൽ കോട്ടയം വരെ അത്യുജ്ജ്വലമായ വരവേൽപ്പാണ് മലങ്കരസഭ നൽകിയത്. 1951 ഡിസംബർ 31ന് കോട്ടയം ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ മഹാസമ്മേളനം നടന്നു.

കാതോലിക്കാ സ്ഥാനത്തോടുള്ള മലങ്കര സഭാമക്കളുടെ കൂറും ഭക്തിയും ഉറക്കെ പ്രഖ്യാപിക്കുന്നതായിരുന്നു ആ മഹാസമ്മേളനം. വിദേശാധിപത്യത്തിനെതിരെ പ്രതിജ്ഞ എടുത്ത പ്രസ്തുത സമ്മേളനം രണ്ടാം കൂനൻകുരിശ് സത്യമെന്നാണ് അക്കാലത്ത് പൊതുവെ അറിയപ്പെട്ടത്. ആ മഹാസമ്മേളനത്തിൽ പങ്കെടുത്ത പതിനായിരക്കണക്കിന് മലങ്കരസഭാംഗങ്ങൾ ഈ വിധം പ്രതിജ്ഞ എടുത്തു :–

**"മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ഉറപ്പിച്ചു പ്രഖ്യാപനം ചെയ്യുകയും ആ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷ ചിഹ്നമായ പ.കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്താനങ്ങളും ഭക്തിപൂർവ്വം നിലകൊള്ളുന്നതാണെന്ന് തിരുമുമ്പാകെ സത്യം ചെയ്യുകയും ചെയ്യുന്നു".**

മലങ്കരയിലെ കാതോലിക്കായുടെ തെരഞ്ഞെടുപ്പും സ്ഥാനവും അധികാരവും എല്ലാം കോടതവിധിയിലൂടെ തള്ളിക്കളയപ്പെട്ടിരുന്ന ഒരു സാഹചര്യത്തിലാണ് ഈ പ്രതിജ്ഞ എടുത്തതെന്ന വസ്തുത അതിന്റെ മഹത്വം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

## മെത്രാൻതെരഞ്ഞെടുപ്പ്

കോടതിവിധികൾ പ്രതികൂലമായിരുന്നിട്ടും പ്രശ്നം രൂക്ഷമായിരുന്നിട്ടും അതിൽ പതറാതെ പ.കാതോലിക്കാ ബാവാ 1952 മെയ് 17ന് കോട്ടയം എം.ഡി.സെമിനാരി അങ്കണത്തിൽ മലങ്കര അസോസിയേഷൻ യോഗം വിളിച്ചുകൂട്ടി. ആ അസോസിയേഷൻ യോഗം മൂക്കഞ്ചേരിൽ പത്രോസ് കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, വട്ടക്കുന്നേൽ മാത്യൂസ് കത്തനാർ, വടുതല ദാനിയേൽ കത്തനാർ, മേനാക്കിൽ മാത്യൂസ് കത്തനാർ എന്നിവരെ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

## മെത്രാൻവാഴ്ചയ്ക്കെതിരെ കോടതിയിൽ

പ.ഗീവർഗീസ് ദ്വിതീയൻ ബാവാ, കാതോലിക്കോസ് എന്ന നിലയിലോ, മലങ്കര മെത്രാൻ എന്ന നിലയിലോ യാതൊരു അധികാരവും പ്രയോഗിക്കാൻ പാടില്ല എന്ന ഹൈക്കോടതിവിധി നിലവിലുള്ള സാഹചര്യത്തിലാണ് മെത്രാൻ തെരഞ്ഞെടുപ്പ് നടന്നത്. മെത്രാൻവാഴ്ചയ്ക്കെതിരെ സർവ്വതന്ത്രങ്ങളും പ്രയോഗിച്ച് പാത്രിയർക്കീസ് കക്ഷി രംഗത്തുവന്നു. അവർ കേസുമായി കോടതിയിലെത്തി. ഗീവർഗീസ് ദ്വിതീയൻ ബാവാ (ഒന്നാം പ്രതി) കാതോലിക്കോസ് എന്ന നിലയിൽ പ്രവർത്തിക്കുന്നതോ മെത്രാന്മാരെ വാഴിക്കുന്നതൊ ചെയ്യുന്നതിനെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മെത്രാൻ സ്ഥാനാഭിഷേകം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള കോട്ടയം ഏലിയാ ചാപ്പൽ കൈവശപ്പെടുത്തണമെന്ന് റിസീവർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് പാത്രിയർക്കീസ് വിഭാഗം അത്മായട്രസ്റ്റി തുകലൻ പൈലോ അവിരാ (മുൻകേസിലെ മൂന്നാം വാദി) ഹൈക്കോടതിയിൽതന്നെ ഹർജി കൊടുത്തു. ഹർജി 1953 മാർച്ച് 21–ാം തീയതി വെക്കേഷൻ ജഡ്ജിയായിരുന്ന എം.എസ്.മേനോന്റെ മുമ്പാകെ വിചാരണയ്ക്കു വന്നു. കാതോലിക്കോസിന് പള്ളികളിന്മേലോ പള്ളിവക നിലംപുരയിടങ്ങൾ തുടങ്ങി യാതൊന്നിന്മേലും അവകാശമില്ല. മലങ്കരയിൽ മെത്രാന്മാരെ വാഴിക്കുന്നതിനും, ആക്കുന്നതിനും നീക്കുന്നതിനുമുള്ള സകല അധികാരവും അന്ത്യോഖ്യാ പാത്രിയർക്കീസിനാണ്. കാതോലിക്കോസ് പഴയ സെമിനാരിയിൽനിന്നുതന്നെ ഇറങ്ങണം എന്നൊക്കെയായിരുന്നു പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദം. വാദം കേട്ട ജഡ്ജി തുകലൻ പൈലോ അവിരായുടെ ഹർജി തള്ളിക്കൊണ്ട് 1953 ഏപ്രിൽ 29–ാം തീയതി വിധി പ്രസ്താവിച്ചു. വാദി തുകലൻ പൈലോ അവിരാ കാതോലിക്കോസിന്റെ കോടതിചെലവ് കൊടുക്കണെമെന്നും ജഡ്ജി ഉത്തരവായി. പരാജയത്തിന്റെ നെല്ലിപ്പലക കണ്ട മലങ്കരസഭയ്ക്ക് ഇതിൽപരം ആഹ്ലാദത്തിന്റെ അനുഭവം ഉണ്ടായിട്ടില്ല. സഭ മുഴുവനും മെത്രാൻസ്ഥാനാഭിഷേകത്തിനായി ഒരുങ്ങി. ചരിത്രമുഹൂർത്തത്തിനു വേദിയാകുവാൻ ഏലിയാ കത്തീഡ്രൽ അങ്കണം തയ്യാറായി.

## മെത്രാൻ വാഴ്ച

മെത്രാൻ സ്ഥാനാഭിഷേക സന്ദർഭത്തെക്കുറിച്ച് അഡ്വ.പി.സി.മാത്യു കുന്നംകുളം മലങ്കര സഭാ മാസികയിൽ (പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ചരമ രജതജൂബിലി സ്മരണിക 1989) എഴുതിയിട്ടുള്ളത് ഉദ്ധരിക്കുന്നു.

(കേസു നടന്നപ്പോഴും) "മുൻ നിശ്ചയിച്ചിരുന്നതുപോലെ അഞ്ചു മെത്രാൻമാരെ വാഴിക്കുന്നതിനുള്ള തയ്യാറെടുപ്പുകളുമായി പ.ബാവാ തിരുമേനി മുന്നോട്ടുനീങ്ങി.

അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയാണെങ്കിൽ അന്ന് വളരെ ആപൽശങ്കയ്ക്ക് ഇടം കൊടുക്കുന്ന രീതിയിൽ ആയിരുന്നു. വയോവൃദ്ധനും പ്രമേഹരോഗ ബാധിതനുമായിരുന്നെങ്കിലും മെത്രാഭിഷേകത്തിനു മുമ്പ് നാൽപതു ദിവസം അദ്ദേഹം, കർത്താവ് നോമ്പ് നോറ്റതുപോലെ, തീവ്രമായ നോമ്പിലും ഉപവാസത്തിലും കഴിഞ്ഞു. ഡോക്ടർ ദിവസവും അദ്ദേഹത്തെ പരിശോധിച്ചിരുന്നു. മുപ്പതു ദിവസം ആയപ്പോഴേയ്ക്കും ഇങ്ങനെ പോയാൽ ഇനി പത്തു ദിവസംകൂടി പ.ബാവാ എങ്ങനെ കഴിയും എന്നായി ഡോക്ടറുടെ മനസ്സിൽ. രണ്ടു കാലിലും നീരുവന്ന് വീർത്തിരുന്നു. ഇൻസുലിൻ എടുത്തിട്ടും ബ്ലഡ്ഷുഗർ ഉയർന്നു നിൽക്കുന്നു. പക്ഷെ ഈവക ശാരീരിക ആസ്വാസ്ഥ്യങ്ങളൊന്നും ആ അത്യുന്നത ശ്രേഷ്ഠ മഹാപുരോഹിതനെ അലട്ടിയില്ല. മെത്രാഭിഷേകത്തിന് ധരിക്കാനുള്ള പുതിയ കാപ്പയും മറ്റ് വിശിഷ്ട വസ്തുക്കളും ഒരുക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചത്.

മെത്രാഭിഷേകം നിരോധിക്കണമെന്ന ഹർജി സ്ഥാനാരോഹണ ദിനത്തിന് ഏതാനും ദിവസം മുമ്പ് ജസ്റ്റിസ് എം.എസ്. മേനോന്റെ മുമ്പാകെ വിചാരണയ്ക്ക് വന്നു. ജസ്റ്റിസ് ശങ്കരനോടൊന്നിച്ച് കാതോലിക്കോസിന് പ്രതികൂലമായി വിധിച്ച വിധിയിൽ കൂട്ടുജഡ്ജിയായിരുന്നു എം.എസ്.മേനോൻ. അതുകൊണ്ട് അദ്ദേഹം എന്താണ് തീർപ്പ് കല്പിക്കുന്നതെന്ന് വല്ലാത്ത ഉൽകണ്ഠ നിലനിന്നിരുന്നു. മെത്രാൻസ്ഥാനാഭിഷേകം നിരോധിക്കണമെന്ന ഹർജി ചിലവുസഹിതം തള്ളി അദ്ദേഹം വിധിച്ചപ്പോൾ സഭാമക്കൾ ആശ്വാസനിശ്വാസമുതിർത്തു. വലിയൊരു ആപത്ഘട്ടം തരണം ചെയ്ത സന്തോഷത്തോടും ഉത്സാഹത്തോടുംകൂടിയായിരുന്നു നാടിന്റെ നാനാഭാഗത്തുനിന്നും സഭാസ്നേഹികൾ മെത്രാഭിഷേകം നടത്തുന്ന എം.ഡി.സെമിനാരിയിലേക്ക് പ്രവഹിച്ചത്.

പ്രഭാതം പൊട്ടിവിരിയുന്നതേയുള്ളു. മലങ്കരയുടെ നാനാഭാഗത്തുനിന്നും ജനങ്ങൾ കോട്ടയത്തേക്ക് പ്രവഹിച്ചു. എല്ലാവരും ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് – എം.ഡി. സെമിനാരിയിലേക്ക്. മാർ ഏലിയാ ചാപ്പലിനു മുൻവശം അതിഗംഭീരമായ പന്തൽ നിർമ്മിച്ചിരുന്നു. പന്തലിലേക്കുള്ള പ്രവേശനം പാസ്സുമൂലം നിയന്ത്രിച്ചിരിക്കുകയാണ്. Consceration of Bishops എന്ന് അച്ചടിച്ച ബാഡ്ജ് പന്തലിന് അകത്തു നിന്നിരുന്നവർ ധരിച്ചിരിക്കണം. പത്തുരൂപയാണ് പാസ്സിനുള്ള ഫീസ്. 1953–ലെ പത്തുരൂപ ഇന്നത്തെ നൂറുരൂപയേക്കാൾ മൂല്യം കൂടിയതായിരുന്നു.

അന്ന് കോട്ടയത്തേക്ക് തീവണ്ടയില്ലാതിരുന്നതിനാൽ കുന്നംകുളത്തുനിന്ന് തലേദിവസം തന്നെ എറണാകുളത്തെത്തി താമസിച്ച് അതികാലത്ത് കാറിൽ കോട്ടയത്തേക്ക് പോകുകയാണുണ്ടായത്. ..........പത്തുരൂപാ കൊടുത്ത് പാസ്സുവാങ്ങി പന്തലിൽ കയറിയിരുന്നു. ബാഡ്ജ് ധരിച്ച പുരുഷന്മാരും സ്ത്രീകളും രണ്ടുഭാഗമായി പന്തലിൽ നിറഞ്ഞ് ഇരുന്നിരുന്നു. ഒട്ടുവളരെ ആളുകൾ പന്തലിനു പുറകിലായി നിന്നിരുന്നു.

പന്തലിനകത്തെ ക്രമീകരണങ്ങൾ വളരെ ഗംഭീരമായിരുന്നു. അന്ന് മനോരമ പത്രാധിപരായിരുന്ന കെ.സി.മാമ്മൻ മാപ്പിള ഒരു യുവാവിന്റെ പ്രസരിപ്പോടെ പന്തലിനു നടുവിലുള്ള സ്ഥലത്തുകൂടി അങ്ങോട്ടും ഇങ്ങോട്ടും ഓരോരോ കാര്യങ്ങൾ അന്വേഷിച്ച് ബദ്ധപ്പെട്ടു നടക്കുന്നു. വി.കുർബ്ബാനയും സ്ഥാനാരോഹണ ശുശ്രൂഷയും കോട്ടയം നഗരം മുഴുവൻ കേൾക്കത്തക്ക രീതിയിൽ ഉച്ചഭാഷിണി ഘടിപ്പിച്ചിട്ടുണ്ട്.

പ്രഭാതനമസ്ക്കാരം കഴിഞ്ഞ് വി.കുർബ്ബാന ആരംഭിക്കാറായി. "വെളിവുനിറഞ്ഞോരീശോ......" ചൊല്ലിക്കഴിഞ്ഞു. മണികളുടെയും മറുവഹ്സാകളുടെയും മറ്റും മന്ദ്രമധുരധ്വനി മഹ്ബഹായിൽനിന്നും ഒഴുകിവരുന്നു.

"മറിയാം ദീലേത്തോക്......"

പ.ബാവാ തിരുമേനിയുടെ ഘനഗംഭീര ശബ്ദം അതാ ഉയർന്നു. മദ്ബഹായെ മറച്ചിരുന്ന പട്ടുതിരശ്ശീല മാറി. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയും (പിന്നീട് കാതോലിക്കാ ബാവാ) പാമ്പാടി മാർ ഗ്രിഗോറിയോസ് തിരുമേനിയും മദ്ബഹായിൽ ഉണ്ടായിരുന്നു. ദിവ്യശ്രീ.എം.സി.കുറിയാക്കോസ് റമ്പാൻ പ.ബാവാ തിരുമേനിയുടെ സ്വർണ്ണ അംശവടിയും പിടിച്ചുകൊണ്ട് ശുശ്രൂഷയിൽ സംബന്ധിക്കുന്നുണ്ട്. നിയുക്ത മെത്രാന്മാരായ അഞ്ച് റമ്പാന്മാരും കിഴക്കോട്ട് തിരിഞ്ഞ് മുട്ടുകുത്തി ധ്യാനനിമഗ്നരായി നിന്നിരുന്നു".

"മെത്രാൻ സ്ഥാനാഭിഷേകം ഭംഗിയായി നടന്നു. മൂക്കഞ്ചേരിൽ പത്രോസ് കത്തനാർക്ക് ഒസ്താത്തിയോസ് എന്നും, പാറേട്ട് മാത്യൂസ് കത്തനാർക്ക് ഈവാനിയോസ് എന്നും, വട്ടക്കുന്നേൽ മാത്യൂസ് കത്തനാർക്ക് അത്താനാസിയോസ് എന്നും, വടുതല ദാനിയേൽ കത്തനാർക്ക് പീലക്സിനോസ് എന്നും, മേനാക്കിൽ മാത്യൂസ് കത്തനാർക്ക് കൂറിലോസ് എന്നുമുള്ള സ്ഥാനനാമങ്ങൾ കൊടുക്കപ്പെട്ടു. സ്ഥാനാഭിഷേകത്തിനു മുമ്പ് ഇവർക്കു പഴയസെമിനാരിയിൽവെച്ചു റമ്പാൻസ്ഥാനം നൽകി എന്നു പ്രത്യേകം പറയേണ്ടതില്ല. അങ്ങനെ മലങ്കര നസ്രാണികളുടെ ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു മഹൽസംഭവം – അഞ്ചു മെത്രാന്മാരെ ഒരേ സമയം വാഴിക്കുക എന്നുള്ളത് – 1953 മെയ് 15–ാം തീയതി ഉണ്ടായി. അതോടുകൂടെ ഭാഗ്യവാനായ ഗീവർഗീസ് ബസ്സേലിയോസ് അദ്ധ്യക്ഷനായ സുന്നഹദോസ് അഭിഷേകം ചെയ്ത മെത്രാന്മാരുടെ സംഖ്യ 11 ആയി – അദ്ദേഹം ഇന്ത്യയിലെ യാക്കോബ് ബുർദാന ആയി ഭവിച്ചു."

(ZMP.V.452)

# പുതുഞ്ഞായറിനുശേഷം നാലാം ഞായർ

## ധ്യാനപീഠം

വെരി.റവ.ഏലിയാസ് കോശി
റമ്പാൻ, പത്തനാപുരം

### പുതുഞ്ഞായറിനുശേഷം നാലാം ഞായർ

**വി.വേദഭാഗം : വി.ലൂക്കോസ് 9:51 -62**

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്ത് ഉണ്ടായ ഒരു സംഭവത്തിൽ കർത്താവിന്റെ ആർദ്രമനസ്സിനെ പ്രകടിപ്പിക്കുകയും തന്റെ അനുഗാമികൾ അനുവർത്തിക്കേണ്ടതുമായ ഒരു സത്യം വെളിപ്പെടുത്തുകയാണ്. കർത്താവ് യെറുശലേമിലേക്ക് പോകുന്നതിനു നിശ്ചയിച്ച് തനിക്കു മുമ്പായി ദൂതന്മാരെ അയക്കുന്നു. അവർ ശമര്യയിൽ ചെന്നപ്പോൾ കർത്താവ് യെരുശലേമിലേക്കാണ് പോകുന്നതെന്ന് ശമര്യാക്കാർ മനസ്സിലാക്കിയപ്പോൾ കർത്താവിനെ സ്വീകരിക്കുന്നതിന് അവർ വൈമുഖ്യം കാണിച്ചു. അത് തന്റെ ശിഷ്യന്മാരായ യാക്കോബിനും യോഹന്നാനും വലിയ ദുഃഖവും പ്രയാസവും ഉണ്ടാക്കി. അവർ കർത്താവിനോട് ഈ സംഭവം വിശദീകരിച്ചശേഷം നടത്തിയ പ്രസ്താവന കർത്താവെ ഏലിയാവ് ചെയ്തതുപോലെ ആകാശത്തുനിന്നും തീയിറക്കി ഇവരെ നശിപ്പിക്കരുതോ എന്ന് ചോദിച്ചപ്പോൾ ഉണ്ടായ മറുപടി വളരെ ശ്രദ്ധേയമാണ്. കർത്താവ് അവരെ ശാസിച്ചു നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് അറിയുന്നില്ല. നമ്മിലെല്ലാവരിലും ഉള്ള ഒരു ചിന്താഗതിയാണ് നമ്മുടെ ഇഷ്ടം അനുസരിച്ച് കാര്യങ്ങൾ നടന്നില്ല എങ്കിൽ വലിയ മനപ്രയാസവും അത് പ്രകടിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഉണ്ടാക്കും. ശത്രുക്കളെയും സ്നേഹിക്കണം എന്നു പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കർത്താവിന് തന്റെ ശ്ലീഹന്മാരുടെ മനസ്ഥിതിയിൽ ദുഃഖമുണ്ടായി. കർത്താവ് ഈ ലോകത്തിലേക്ക് വന്നത് ആത്മാക്കളെ നശിപ്പിക്കാനല്ല പിന്നെയോ അതിനെ രക്ഷിക്കാനാണ്. രക്ഷിക്കുക എന്നുള്ളത് കർത്താവിന്റെ സ്വഭാവവും പ്രവർത്തിയുമാണ്. തന്റെ സ്വന്തം സാദൃശ്യത്തിലും ഛായയിലും സൃഷ്ടിച്ച മനുഷ്യനെ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരിക എന്നുള്ളത് തന്റെ കടപ്പാടാണ്. അതിനു വിലങ്ങുതടിയാകാൻ ആർക്കും സാധ്യമല്ല.

ഏലിയാ പ്രവാചകന്റെ കാലത്ത് ആകാശത്തുനിന്നും തീയിറങ്ങി അമ്പതുപേരെയും അവരുടെ അധിപനേയും നശിപ്പിച്ച സംഭവം രാജാക്കന്മാരുടെ രണ്ടാം പുസ്തകം ഒന്നാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അഹസ്യാ രാജാവിന്റെ കാലത്ത് നടന്ന സംഭവമാണ്. അമ്പതുപേർക്ക് അധിപതിയായ മൂന്നാമത്തെ ആൾ ദൈവപുരുഷന്റെ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്ത് നശിപ്പിക്കരുതെ എന്നു പ്രാർത്ഥിച്ചപ്പോൾ ഏലിയാ പ്രവാചകൻ അവനെയും കൂടെയുള്ളവരെയും രക്ഷിച്ചു. നാം ദൈവമക്കളാണെന്നുള്ള ബോധം നമ്മെ എപ്പോഴും ഭരിക്കണം. ദൈവാത്മാവ് നമ്മിൽ വസിക്കുന്നു എന്ന് നമ്മുടെ പ്രവർത്തികൊണ്ട് മറ്റുള്ളവർ മനസ്സിലാക്കണം.

കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിച്ച ഒരുവനോടുള്ള മറുപടി കുറുന്നരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്ക് കൂടുമുണ്ട്. മനുഷ്യപുത്രന് തലചായ്പ്പാൻ ഇടമില്ലാ എന്നുപറഞ്ഞ് അവനെ നിരുത്സാഹപ്പെടുത്തി. അതിന്റെ കാരണം വലിയ ആഡംബരത്തിൽ ജീവിക്കുന്നവർക്ക് വളരെ താണ സാഹചര്യത്തിൽ ജീവിക്കാൻ പ്രയാസമാണ്. അതേസമയം എളിമയുടെ സാഹചര്യത്തിൽ ജീവിക്കുന്നവർക്ക് ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കഴിവും മനസ്സുമുണ്ട്. മറ്റൊരുവനോട് തന്നെ അനുഗമിക്കാൻ ആവശ്യപ്പെട്ടപ്പോൾ ആദ്യമെ പോയി അപ്പനെ കുഴിച്ചിട്ടിട്ടു വരാമെന്നുള്ള പ്രസ്താവന കേൾക്കുമ്പോൾ അപ്പൻ മരിച്ചുകിടക്കുന്നു എന്നു തോന്നിപ്പോകും. എന്നാൽ കുടുംബകാര്യങ്ങളൊക്കെ ശരിയാക്കിയ ശേഷം വരാമെന്നുള്ള അയാളുടെ ആഗ്രഹത്തെ കർത്താവ് മനസ്സിലാക്കിയിട്ടു പറഞ്ഞു മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ. നീപോയി സ്വർഗ്ഗരാജ്യം പ്രസംഗിക്കുക. മറ്റൊരാൾ പറഞ്ഞു ഞാൻ വീട്ടിൽപോയി വേണ്ടപ്പെട്ടവരോടെല്ലാം ആലോചിച്ച് അനുവാദം വാങ്ങിയശേഷം വരാമെന്നുപറഞ്ഞു. കർത്താവിന്റെ മറുപടി കലപ്പയ്ക്കു കൈവെച്ചശേഷം പുറകോട്ട് തിരിയുന്നവർ ആരും സ്വർഗ്ഗരാജ്യത്തിനു കൊള്ളാവുന്നവരല്ല. കുടുംബജീവിതത്തിലായാലും സന്യസ്തജീവിതത്തിലായാലും ഈ കാഴ്ചപ്പാടുള്ള ധാരാളംപേരെ കാണാൻ കഴിയും. ദൈവമക്കളായ നാമെല്ലാവരും ക്രിസ്തുവിന്റെ ആത്മാവിൽ ജീവിക്കാനും അനേകരെ കർത്താവിന്റെ സന്നിധിയിലേക്ക് കൊണ്ടുവന്ന് സമർപ്പിക്കാനും കഴിയുമ്പോൾ നമ്മുടെ ജീവിതവും ധന്യതയുടെ നിറവിൽ അനുഗ്രഹത്തിന്റെ വഴിയിൽ കർത്താവ് നടത്തിക്കൊള്ളും. അങ്ങനെയുള്ളവർക്ക് സ്വസ്ഥതയും സമാധാനവും അനുഭവിക്കാൻ സാധിക്കും.

### പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായർ

**വി.വേദഭാഗം : വി.യോഹന്നാൻ 17:13-26**

ഈ ഞായറാഴ്ച സന്യാസികളുടെ ഞായറാഴ്ചയായിട്ടാണ് സഭ വേർതിരിച്ചിരിച്ചിരിക്കുന്നത്. അതിനുള്ള കാരണം സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള പത്തുദിവസങ്ങൾ കാത്തിരിപ്പിന്റെ ദിവസങ്ങളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. സ്വർഗ്ഗാരോഹണ സമയത്ത് നമ്മുടെ കർത്താവ് നൽകിയ കല്പന ഉയരത്തിൽനിന്നും ശക്തി ലഭിക്കുന്നതുവരെ നിങ്ങൾ ഊർശ്ലേം വിട്ടുപോകരുത്. ആ കല്പന അനുസരിച്ച് ശ്ലീഹന്മാർ എല്ലാവരും മാളികയിൽ കൂടി ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി ഈ ദിവസങ്ങൾ ശാന്തമായി കഴിച്ചുകൂട്ടി. അതുപോലെതന്നെ സഭയിലെ ആശ്രമങ്ങളിലും മഠങ്ങളിലും ഉള്ള സന്യസ്തർ പരിശുദ്ധാത്മ നൽവരം പുതുക്കുന്നതിനുവേണ്ടി ധ്യാനപൂർവ്വം കഴിച്ചുകൂട്ടുന്ന ദിവസങ്ങളാണ് മഹത്വമുള്ളവനായ എശായപ്രവാചകന്റെ പുസ്തകം 40:31 -ൽ യെഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും. കഴുകന്റെ ചിറക് കാക്കയുടെ ചിറകുപോലെയല്ല, കഴുകന് വളരെ ഉയരത്തിൽ പറക്കാൻ കഴിയും. കാത്തിരിക്കുന്നതായ ഹൃദയം ഈ മണ്ണാങ്കട്ടയിൽനിന്നും ഉയർന്ന് ദൈവസന്നിധിയിലേക്ക് കയറണം. അങ്ങനെയാകുമ്പോൾ ലൗകീകകാര്യങ്ങൾ വളരെ ചെറുതായിതോന്നും. ആത്മീയ കാര്യങ്ങൾക്ക് വളരെ കൂടുതൽ പ്രാധാന്യം കല്പിക്കും. ഉല്പത്തി 1:27 -ൽ തന്റെ സാദൃശ്യത്തിൽ മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ചിരിക്കുന്നതുകൊണ്ടാണ് ദൈവത്തിനുവേണ്ടി കാത്തിരിക്കണമെന്നു പറയുന്നത്. യെശയ്യാ 64:4-ൽ നീയല്ലാതെ ഒരു ദൈവം, തന്നെ കാത്തിരിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്നത് ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ട് കണ്ടിട്ടുമില്ല. ദൈവത്തിൽനിന്നാണ് സകല നന്മയും വരുന്നത്. സങ്കീർത്തനം 62:1-ൽ എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു എന്നു കാണുന്നു. മനനത്തിന്റെ പ്രാധാന്യം എത്ര ശ്രേഷ്ഠമാണ്. ലൂസ് ടോക്ക് മനുഷ്യനെ അധപതിപ്പിക്കും. സ്വർഗ്ഗത്തിൽപോലും അരമണിക്കൂർ മൗനം ഉണ്ടായി. വെളിപാട് 8:1ൽ അവൻ ഏഴാം മുദ്രപൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി. വിലാപങ്ങൾ 3:25 തന്നെ കാത്തിരിക്കുന്നവനും തന്നെ അന്വേഷിക്കുന്നവനും യഹോവ നല്ലവൻ.

കാത്തിരിപ്പിന് ഒരു ലക്ഷ്യമുണ്ടായിരിക്കണം. വിശുദ്ധീകരണം പ്രകാശീകരണം കാത്തിരിപ്പ് ദൈവഹിതപ്രകാരമാണെങ്കിൽ അതിന്റെ ഏറ്റവും വലിയ വിജയം സിദ്ധിക്കും. നാം അറിയാതെ തന്നെ പരിശുദ്ധാത്മാവ് നമ്മെ വിശുദ്ധീകരണത്തിലേക്കും പ്രകാശനത്തിലേക്കും നയിക്കും. അതിൽക്കൂടി മറ്റുള്ളവർക്കും ഇവ ലഭ്യമാകും. ചർച്ച് ഇൻ ദി ഗാർഡൻ ഓഫ് ഗോഡ് എന്ന് പറയും. സഭ ദൈവത്തിന്റെ പൂന്തോട്ടമാണ്. പൂന്തോട്ടം മനോഹരമാണ്, പരിശുദ്ധമാണ്, കണ്ണിനും, മനസ്സിനും ആനന്ദവും സന്തോഷവും പ്രദാനം ചെയ്യുന്നതാണ്. ഹൃദയമാകുന്ന പൂന്തോട്ടം മനോഹരവും വിശുദ്ധവും പ്രകാശം നൽകുന്നതുമാകണം. അതിനു നാലുകാര്യങ്ങൾ നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകണം.

1, താഴ്മ ധരിക്കണം, 2, പ്രാർത്ഥിക്കണം, 3, ദൈവമുഖം അന്വേഷിക്കണം, 4, ദുർമാർഗ്ഗം വിട്ടുതിരിയണം.

ഈ കാത്തിരിപ്പിന്റെ ദിവസങ്ങളിൽ നമ്മുടെ ഹൃദയത്തിൽ നിന്നും അനുതാപത്തിന്റെ പ്രാർത്ഥന ഉയരണം. സങ്കീർത്തനക്കാരനായ ദാവീദു പ്രാർത്ഥിച്ചതുപോലെ ദൈവമേ വെടിപ്പുള്ള ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരമുള്ള നിന്റെ റൂഹായെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുൻപിൽ നിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ. നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. ഈ പ്രാർത്ഥന അനവരതം ഇരുവിട്ടുകൊണ്ട് പെന്തിക്കോസ്തിയുടെ ശുശ്രൂഷയിലേക്കു നമുക്കു കടന്നു ചെല്ലാം.

### പെന്തിക്കോസ്തി ഞായർ

**വേദഭാഗം : വി.യോഹന്നാൻ 16:1-15**

സഭാശുശ്രൂഷാ ക്രമത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും ശ്രേഷ്ഠവും അല്പം ദീർഘവുമായ ഒരു ശുശ്രൂഷയാണ് പെന്തിക്കോസ്തി ഞായറാഴ്ചയിലെ മുട്ടുകുത്തലിന്റെ മൂന്നു ശുശ്രൂഷകൾ. പിതാവ് പുത്രൻ പ.റൂഹാ എന്ന ത്രിത്വ നാമത്തിലാണ് ഈ ശുശ്രൂഷ ക്രമപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ച് ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അനേകം വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. പരിശുദ്ധറൂഹാ പിതാവിൽ നിന്നു പുറപ്പെടുന്നു പുത്രനിൽ നിന്ന് എടുക്കപ്പെടുന്നു എന്നുള്ള കാതലായ വിശാസം ഓർത്തഡോക്സ് സഭകൾ പ്രാരംഭകാലം മുതൽ തന്നെ സ്വീകരിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതും നിഷേധിക്കപ്പെടുവാൻ പാടില്ലാത്ത ദൈവീക സത്യമാണ്.

പെന്തിക്കൊസ്തി ശുശ്രൂഷയിൽ പ്രധാനപ്പെട്ട മൂന്നു ഭാഗങ്ങളായി തിരിച്ചാണ് നടത്തുന്നത്. പിതാവ്,പുത്രൻ, പരിശുദ്ധറൂഹാ എന്ന ഏക കൗമാ ആയി അറിയപ്പെടുന്നു. ഏകത്വം ത്രിത്വത്തിലും, ത്രിത്വത്തിൽ ഏകത്വമായി വിശ്വസിക്കപ്പെടുകയും ഏകദൈവമായി അറിയപ്പെടുകയും ചെയ്യുന്നു. എല്ലാ ദൈവീക കൂദാശകളും പരിപൂർണ്ണതപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. മൂന്നു ശുശ്രൂഷകളും ഒരുപോലെ പ്രാധാന്യമുള്ളതും എല്ലാറ്റിന്റെയും അവസാനത്തിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് നമുക്ക് മാമോദീസായിൽകൂടി പരിശുദ്ധ മൂറോൻ അഭിഷേകത്തോടുകൂടി ലഭിച്ചിട്ടുള്ള പരിശുദ്ധാത്മാവ് നമ്മുടെ എല്ലാവിധമായ അകൃത്യങ്ങൾ നിമിത്തം നമ്മിൽ മങ്ങിക്കിടക്കുന്ന പരിശുദ്ധാത്മാവിനെ പുതുക്കുന്നതിനും പ്രകാശമാനമാക്കുന്നതിനും ആയിട്ടാണ് ഈ ശുശ്രൂഷയിൽ നാം സംബന്ധിക്കുന്നത്. വിശുദ്ധാത്മാവ് നമ്മിൽ ആഴമായി ശക്തമായി പ്രവർത്തിക്കണമെങ്കിൽ നാം വിശുദ്ധിയുള്ളവരായി തീരണം. കാത്തിരിപ്പിന്റെ അനുഭവത്തിൽ കൂടി അതു സാധിക്കുകയുംവേണം. സർവ്വവ്യാപിയും സർവ്വശക്തനുമായ ത്രീയേകദൈവം അതായത് പരിശുദ്ധറൂഹായുടെ ആവാസം മൂലം നമ്മെ പൂർണ്ണതയുടെ അനുഭവത്തിലേക്ക് നയിക്കുന്നു. മൂന്നാമത്തെ ശുശ്രൂഷയിലെ സെദറായിൽകൂടി നാം മനസ്സിലാക്കുന്നത് പാറക്കലിത്തായായ ദൈവത്തിന്റെ പ്രവർത്തനങ്ങൾ സഭയിൽ എങ്ങനെയാണെന്നാണ്. പാറക്കലിത്തായായ ദൈവം പള്ളികളെ ശുദ്ധീകരിക്കുന്നവനും സകല ദൈവീക ശുശ്രൂഷകളും പൂർത്തീകരിക്കുന്നവനും ആചാര്യത്വം നൽകുന്നവനും മാമോദീസായെ പൂർണ്ണമാക്കുന്നവനും കൂദാശകളെ വിശുദ്ധീകരിക്കുന്നവനും പാപങ്ങളെ പരിഹരിക്കുന്നവനും ആകുന്നു.

ഉല്പത്തിപുസ്തകം ഒന്നാം അദ്ധ്യായം രണ്ടാം വാക്യത്തിന്റെ അവസാന പാദത്തിൽ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. ഓരോ ശുശ്രൂഷയുടെയും അവസാനത്തിൽ നാം നിലത്തു മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ കാർമ്മികൻ വെള്ളത്തിന്മേലുള്ള പ്രാർത്ഥന നടത്തുകയാണ്. ശ്ലീഹന്മാരുടെ മേൽ പരിശുദ്ധ റൂഹായുടെ ആവാസം ഉണ്ടായപ്പോൾ അവരുടെ നാവുകൾ അഗ്നിക്കു സമാനമായി ഉജ്ജ്വലിച്ചതുപോലെ പാപികളായ നമ്മുടെ ഓരോരുത്തരുടെയും ബുദ്ധിയെയും നാവുകളെയും ജ്വലിപ്പിച്ച് പാപത്തിന്റെ മുള്ളുകളെ നമ്മിൽനിന്നും ദഹിപ്പിച്ചു കളയുന്ന അനുഭവമാണ് ഉണ്ടാകുന്നത്, ഉണ്ടാകേണ്ടത്. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആവാഹിച്ചെടുക്കുന്ന വെള്ളത്തിന്റെ തളിപ്പുമൂലം നാം വിശുദ്ധീകരിക്കപ്പെടുകയാണ്. അങ്ങനെ വിശുദ്ധീകരിക്കപ്പെട്ട നാം പരിശുദ്ധാത്മാവിന്റെ ഭാജനങ്ങളായി ആജീവനാന്തം കൃപയിൽ ജീവിക്കേണ്ടവരാണെന്നുള്ള സത്യബോധം നമ്മെ അനുതാപത്തിലേക്കും വിശുദ്ധീകരണത്തിലേക്കും ഈ ശുശ്രൂഷയിൽക്കൂടി സാധിക്കുമാറാകണം.

### പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ

**വി.വേദവാക്യം : വി.യോഹന്നാൻ 6:26-35**

പെന്തിക്കോസ്തി ഞായറിന്റെ പ്രാധാന്യം എന്താണെന്ന് നാം മനസ്സിലാക്കിയിരിക്കണം. അന്നു കൂടിവന്നവർക്കെല്ലാം പരിശുദ്ധാത്മദാനം ലഭിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയുടെ വളർച്ചയ്ക്ക് സഹായിച്ചു. സഭയുടെ ചൈതന്യവും സർഗ്ഗശക്തിയും പരിശുദ്ധാത്മാവാണ്. ഈ ദാനത്തെ അവഗണിച്ചും ജീവിക്കുന്നവർ ധാരാളമാണ്. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചു. തന്നെ സമീപിച്ചവരോട് കർത്താവ് പറഞ്ഞത് നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടതുകൊണ്ടല്ല പ്രത്യുത അപ്പം തിന്ന് തൃപ്തരായതുകൊണ്ടത്രെ. ധാരാളം ജനങ്ങളെ കണ്ടപ്പോൾ സന്തോഷിക്കുന്നതിനു പകരം വിമർശനവും കുറ്റപ്പെടുത്തലും. അവരുടെ ഉത്സാഹത്തെ ശ്ലാഘിച്ചില്ല. അവരെ ശാസിച്ചു. കാരണം അന്നു കൂടിവന്നവരുടെ ഉദ്ദേശം കർത്താവിന് ഇഷ്ടപ്പെട്ടില്ല. ഭൗതിക സംതൃപ്തിയും ജഢീക താൽപര്യവും അവരിൽ നിറഞ്ഞുനിന്നിരുന്നു. കർത്താവിനെ അനുഗമിക്കുന്നത് ഭൗതികനേട്ടങ്ങളെ ഉന്നംവെച്ചുകൊണ്ടാവരുത്. വി.മത്തായി 6:33-ൽ പറയുന്നു മുന്നമെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടെ നിങ്ങൾക്ക് സർവ്വതും ലഭ്യമാകും. ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി എന്താണ്. ദിശാബോധമില്ലാതെ ജീവിക്കുന്ന നാം എന്തിനാണ് ജീവിക്കുന്നത്. എന്താണ് പ്രവർത്തിക്കേണ്ടത് എന്ന് ഗാഢമായി ചിന്തിച്ച് ആ നല്ല വഴിയെ ചരിക്കുമ്പോൾ ദൈവപ്രസാദമുള്ള മനുഷ്യരായി ഈ ലോക ജീവിതം ദൈവഇഷ്ടപ്രകാരം പൂർത്തിയാക്കാൻ കഴിവുള്ളവരായിത്തീരും.

ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി ദൈവം അയച്ചവനിൽ വിശ്വസിക്കുക എന്നതാണ്. ആൽഫായും ഒമേഗായുമായ ഇന്നലെയും ഇന്നും എന്നേക്കും ജീവിക്കുന്നവനായ യേശുക്രിസ്തുവിലുള്ള അചഞ്ചലവും ദൃഢവുമായ വിശ്വാസം നിത്യജീവൻ അവകാശമാക്കുന്നതിനുള്ള മാർഗ്ഗം അതുമാത്രമാ

(ശേഷം പേജ് 5-ൽ)

# സ്ത്രീകളുടെ സുരക്ഷയും മാന്യതയും ഉറപ്പാക്കണം

ജോൺ വർഗീസ് മോളേത്ത്, അടൂർ

ഇന്ന് സമൂഹത്തിന്റെ നാലുപാടും സ്ത്രീകളും കുട്ടികളും അടക്കമുള്ളവരോടുള്ള ക്രൂരതയേറി വരുന്നതിന്റെ കാരണങ്ങളിൽ ചിലത് ആത്മീയതയുടെ കുറവും മദ്യവും മാനസിക വൈകല്യവുമാണ്. സംസ്കാരത്തിലും മൂല്യങ്ങളിലും ഉണ്ടായ ച്യുതിയുടെ സൂചനയാണ് സ്ത്രീകൾക്ക് കുട്ടികൾക്കുമെതിരെയുള്ള ഓരോ അക്രമവും.

രാജ്യത്തിന്റെ തലസ്ഥാന നഗരിതന്നെ തുടർച്ചയായ പീഢനവാർത്തകൾ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് സ്ത്രീ സുരക്ഷ ആശങ്കാജനകമെന്നും അതിനെ അതിജീവിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും പ്രധാനമന്ത്രി പറയുകയുണ്ടായി. ഒരു സ്ത്രീയെ ആക്രമിക്കുമ്പോൾ നമ്മുടെ സംസ്ക്കാരത്തിന്റെ ആത്മാവിനാണ് മുറിവേൽക്കുന്നത് എന്നു രാഷ്ട്രപതിയും പ്രസ്താവിച്ചിരിക്കുന്നു. സ്ത്രീകളുടെ സുരക്ഷതയും മാന്യതയും ഉറപ്പാക്കേണ്ടത് രാജ്യത്തെ ഓരോ പൗരന്റെയും കടമയാണെന്ന് ഓർക്കണം. നിയമങ്ങൾ ഉണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമില്ല. നമ്മുടെ ചിന്തയിലും മനോഭാവത്തിലും പക്വതയുടെ വിശുദ്ധി പുലർത്തണം. ലോകത്തിന്റെ കാപട്യങ്ങളറിയാത്ത ഡൽഹിയിലെ പിഞ്ചുകുഞ്ഞിനു നേരെയുണ്ടായ ഭയാനകമായ സംഭവം ചൂണ്ടിക്കാട്ടുന്നത് ഇത്തരത്തിലുള്ള ധാർമ്മിക അധപതനങ്ങളെ വേരോടെ പിഴുതെറിയാൻ കൂട്ടായി പ്രവർത്തിക്കണമെന്നാണ്.

# സാമുവൽ കൂടലിന്റെ 'അപ്രിയയാഗങ്ങൾ' പ്രസിദ്ധീകരിച്ചു

ഗാനരചയിതാവും പത്രപ്രവർത്തകനും സാമൂഹ്യപ്രവർത്തകനും ആയ സാമുവൽ കൂടലിന്റെ മുപ്പത്തിമൂന്ന് ഗാനങ്ങളും ഏഴ് നുറുങ്ങ് ചിന്തകളും അടങ്ങുന്ന അപ്രിയാഗങ്ങൾ എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. കലഞ്ഞൂർ സാംസൺ ഗോസ്പൽ ട്രസ്റ്റിനുവേണ്ടി തിരുവനന്തപുരം മൺസൂൺ ബുക്ക്സ് ആണ് 132 പേജുകളുള്ള ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ വില 150 രൂപാ.

ക്രിസ്തുവിനെയും ദേവാലയങ്ങളെയും വില്പനചരക്കാക്കുന്നവരെ ഗാനങ്ങളിലൂടെ വിമർശിച്ചിരിക്കുന്നു. യേശുവിന്റെ വഴിയിലാണോ പുരോഹിതന്മാരുടെയും സഭകളുടെയും യാത്ര എന്ന ചോദ്യം ചിന്തോദ്ദീപകമായി ഉയർത്തിയിരിക്കുന്നു. വ്യക്തിപരമായി ആരേയും കുറ്റപ്പെടുത്തുവാൻ ഗ്രന്ഥത്തിലൂടെ ഉദ്ദേശിച്ചിട്ടില്ലെന്നും ഗ്രന്ഥകർത്താവ് വിശദീകരിച്ചിട്ടുണ്ട്. കോപ്പികൾക്ക് സാമുവൽ കൂടൽ, സാംഡെയ്ൽ, കലഞ്ഞൂർ പി.ഒ., പത്തനംതിട്ട - 689694, ഫോൺ : 9447333494, 9544118088.

# പൊൻകുന്നം സെന്റ് മേരീസ് പള്ളി പുതുക്കിപണിയുന്നു

കോട്ടയം : നാൽപത് വീട്ടുകാർ മാത്രമുള്ള പൊൻകുന്നം സെന്റ് മേരീസ് പള്ളി പുതുക്കിപണിയുന്നതിന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഇടവക വികാരി അഭ്യർത്ഥന പുറപ്പെടുവിച്ചു. അൻപതുലക്ഷത്തോളം രൂപാ നിർമ്മാണചിലവ് പ്രതീക്ഷിക്കുന്ന പള്ളിയുടെ പണിക്ക് ഉദാരമതികൾ സംഭാവന നൽകണമെന്ന് വികാരി ഫാ.ജിനോ വർഗീസ് (9497705897), സഹ വികാരി ഫാ.പി.എ.മാത്യു (0481-2551900), ജോർജ് ഈപ്പൻ (സെക്രട്ടറി), തങ്കച്ചൻ (ട്രസ്റ്റി) എന്നിവർ ചേർന്ന് പുറപ്പെടുവിച്ചിരിക്കുന്ന അഭ്യർത്ഥനയിൽ പറയുന്നു.

**THANKS GIVING**

**SAINT CLARE'S PRAYER**

May the Secred Heart of Jesus be praised, adored, glorified & loved today and everyday throughout the world, now and forever, Amen. Ask St.Claire for three favours two imposible and say nine Hail Mary's and the above prayer for nine days, with a lighted candle. Pray whether you believe or not and publish on the ninth day. Your reguest will be granted no matter how imposible it is.

**RUBY JOSE**

# യുവജനപ്രസ്ഥാനം യു.എ.ഇ. സോൺ സമ്മേളനം

ഷാർജ : ഷാർജ സെന്റ് ഗ്രിഗോറിയോസ് ദേവാലയത്തിൽ നടന്ന യുവജനപ്രസ്ഥാനത്തിന്റെ യു.എ.ഇ. സോണൽ സമ്മേളനം ഇടുക്കി ഭദ്രാസനത്തിന്റെ മാത്യൂസ് മാർ തേവോദോസിയോസ് ഉദ്ഘാടനം ചെയ്തു. സോണൽ പ്രസിഡന്റ് ഫാ.ടി.ജെ. ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. ഫാ.യാക്കോബ് ബേബി, ഫാ.സജി ഏബ്രഹാം, ഫാ. ബിജു ഡാനിയേൽ, ജോൺ സാമുവൽ, മനോജ് തോമസ്, സജി ഗീവർഗീസ്, രജ്ഞി രാജൻ, വിനു തങ്കച്ചൻ, സോണി രാജൻ, സാം കെ.മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനം കൂനൻ കുരിശ് സത്യം അനുസ്മരിക്കുകയും പ്രതിജ്ഞ പുതുക്കുകയും ചെയ്തു.

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**സി.സി.വർഗീസ് & ഫാമിലി, കരോട്ടേപ്പുരയിൽ, കോട്ടയം**

# സാമൂഹിക പ്രശ്നങ്ങൾക്കു കാരണം കുടുംബബന്ധങ്ങളിലെ തകർച്ച : പ.കാതോലിക്കാ ബാവാ

കോട്ടയം : സ്ത്രീത്വം അനാദരിക്കപ്പെടുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളുടെ മുഖ്യകാരണം കുടുംബബന്ധങ്ങളിൽ ഉണ്ടായ തകർച്ചയാണെന്നു പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻകാതോലിക്കാ ബാവാ പറഞ്ഞു. മനുഷ്യബന്ധങ്ങളുടെ ആദ്യ പാഠശാല കുടുംബമാണ്. തുടർന്ന് സ്ക്കൂളും സഭയും, ആത്മീയപ്രസ്ഥാനങ്ങളും പരിശീലനകളരികളായി തീരുന്നു. വാണിജ്യവൽകൃത സമൂഹത്തിൽ സ്ത്രീകളെ ഉപകരണങ്ങളായി തരംതാഴ്ത്തുന്നതും തെറ്റായ സന്ദേശം നൽകുന്ന പരസ്യങ്ങളുടെയും മദ്യത്തിന്റെയും സ്വാധീനവും സ്ത്രീപീഢനങ്ങൾക്കു കാരണങ്ങളാകുന്നുവെന്ന് പ.ബാവാ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭ മാനവ-ശാക്തീകരണത്തിന്റെ ആഭിമുഖ്യത്തിൽ ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ നടന്ന പെണ്മയുടെ നന്മ എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ഡോ.തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിച്ചു.

# വിശ്വാസികളുടെ നേർച്ചപണം മോഷ്ടാക്കൾ കൊണ്ടുപോകുന്നു; പൂട്ടിക്കിടക്കുന്ന കോലഞ്ചേരി പള്ളിയിൽ നശിച്ചു പോകുന്നത് ആയിരക്കണക്കിനു രൂപാ

കോലഞ്ചേരി : സഭാതർക്കം മൂലം പൂട്ടിക്കിടക്കുന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽനിന്ന് ലക്ഷക്കണക്കിന് രൂപാ മോഷ്ടിക്കാൻ ശ്രമം നടന്നു. ഏപ്രിൽ 15-ാം തീയതി രാവിലെ 6.30 -ഓടെ പള്ളിയിൽ എത്തിയ വിശ്വാസികൾ അകത്തു മോഷ്ടാവിനെ കണ്ട് ബഹളം ഉണ്ടാക്കി നാട്ടുകാരെ വിളിച്ചുകൂട്ടി. തുടർന്ന് പോലീസും നാട്ടുകാരുമെത്തി പരിശോധന നടത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ല. പള്ളിയുടെ ജനാലചില്ലു തകർത്താണ് മോഷ്ടാവ് അകത്തു കടന്നതെന്ന് കരുതപ്പെടുന്നു. അകത്തു കടന്ന് അയാൾ വാരിയെടുത്ത പണത്തിൽ കുറേ പള്ളിയിൽ മദ്ബഹായുടെ മുമ്പിൽ വെച്ചിരുന്നു. എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ടാകും എന്നതിന് കണക്കില്ല. കൂടുതൽ പരിശോധനയ്ക്കായി ഇരുവിഭാഗം ആളുകളെയും മുൻനിർത്തി പോലീസ് പള്ളി തുറന്ന് പരിശോധന നടത്തി. പള്ളിയകത്ത് വിശ്വാസികൾ ജനൽവഴി എറിഞ്ഞിടുന്ന ആയിരത്തിന്റെയും അഞ്ഞൂറിന്റെയും ഉൾപ്പെടെ രണ്ടു ലക്ഷത്തിലധികം രൂപാ കൂടിക്കിടപ്പുണ്ട്. ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്ന ആയിരക്കണക്കിന് രൂപാ നശിച്ചുപോകുന്നതായാണ് അറിയുന്നത്. പള്ളിയകത്ത് കൂടിക്കിടക്കുന്ന തുക നശിച്ചുപോകാതെ എണ്ണിത്തിട്ടപ്പെടുത്തി ബാങ്കിലേക്ക് മാറ്റണമെന്ന ആവശ്യം വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉയർന്നതിന്റെ പശ്ചാത്തലത്തിൽ കളക്ടറുടെ നിർദ്ദേശപ്രകാരം ആർ.ഡി.ഒ. ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. ഇതിനായി തഹസീൽദാർ കോലഞ്ചേരി എസ്.ബി.റ്റി.യിൽ പ്രത്യേക അക്കൗണ്ടും തുറന്നിരുന്നു. പോലീസ് റവന്യൂ ഉദ്യോഗസ്ഥരുടെ സംഘം പണം ശേഖരിക്കാൻ തയ്യാറായി വന്നെങ്കിലും പിന്നീട് പിന്മാറി. പള്ളിയിൽ കിടക്കുന്ന ലക്ഷക്കണക്കിനു രൂപാ ചിതലരിച്ചു നശിക്കുന്നു എന്ന് വിശ്വാസികളിൽ പലരും പരാതിപ്പെടുന്നുണ്ട്.

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം **ഗീവർഗീസ് മാത്യു**

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം **തോമസ് മാത്യു**

# ധ്യാനപീഠം...പേജ് 4-ൽനിന്ന്

ണ്. കർത്താവ് സ്വയം വെളിപ്പെടുത്തിപറയുന്നു ഞാനാകുന്നു ജീവന്റെ അപ്പം. അപ്പം എപ്രകാരം ജീവന് ആധാരമാണോ അതുപോലെയാണ് ആത്മീയ അനുഭവത്തിൽ കർത്താവ് നമുക്ക് പുതുജീവനും ശക്തിയും തരുന്നത്. കർത്താവുമായി നിത്യവും നാം ബന്ധപ്പെടുമ്പോൾ ശക്തിയും ചൈതന്യവും നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. ജീവിതത്തിലെ പോരാട്ടങ്ങളെ ജയിക്കുവാൻ നാം പ്രാപ്തരാകുന്നത് ഇതുമൂലമാണ്.

സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിന്റെ കല്പനപ്രകാരം കാത്തിരിപ്പിനുശേഷം പരിശുദ്ധാത്മ നൽവരം ശ്ലീഹന്മാർക്ക് എല്ലാവർക്കും ലഭിച്ചശേഷം അവർ ശക്തിപ്രാപിച്ചുകഴിഞ്ഞാണല്ലോ സുവിശേഷപ്രചരണത്തിനും മാമോദീസായുടെ അനുഭവത്തിൽക്കൂടെ വിശ്വസിക്കുന്നവരെ സ്നാനം കഴിപ്പിച്ച് സഭയോട് ചേർത്തുകൊണ്ടിരുന്നത്. പത്രോസും യോഹന്നാനും ഒമ്പതാംമണി നേരത്തെ പ്രാർത്ഥനയ്ക്കായി ദേവാലയത്തിലേക്ക് പോയപ്പോൾ സുന്ദരം എന്ന ഗോപുരവാതിൽക്കൽ ഒരു മുടന്തൻ ഇരുന്നുകൊണ്ട് ഭിക്ഷയാചിച്ചു. പത്രോസിന്റെ മറുപടി പൊന്നോ വെള്ളിയോ ഞങ്ങൾക്കില്ല, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നീ എഴുന്നേറ്റ് നടക്കുക എന്നുപറഞ്ഞപ്പോൾ അവൻ കുതിച്ചെഴുന്നേറ്റ് നടന്നതായി അപ്പോസ്തോലപ്രവർത്തികൾ മൂന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അതാണ് സ്വർണ്ണവെള്ളിയാഴ്ച എന്നു പേരായത്. ഇതുപോലെയുള്ള അത്ഭുതങ്ങൾ ധാരാളം ഉണ്ടായി. പ.മാമോദീസായിൽക്കൂടിയും മറ്റുള്ള കൂദാശകളിൽക്കൂടിയും നമ്മിലുള്ള പരിശുദ്ധാത്മാവിനെ പുതുക്കുകയും ക്രിസ്തീയ അനുഭവത്തിൽ ജീവിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും.

Vol. 19 Issue 13
May 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ———— ജോയി കുളനട




## മാർ യൗസേബിയോസ് ക്വിസ് കോമ്പറ്റീഷൻ

പത്തനംതിട്ട : വഞ്ചിത്ര മാർ ബസ്ഹാനനിയാ ഓർത്തഡോക്സ് ഇടവകയിലെ മാർ ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിബദ്ധതയുടെ പ്രവാചകൻ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ സ്മരാണാർത്ഥം നടത്തപ്പെടുന്ന മാർ യൗസേബിയോസ് ക്വിസ് മത്സരം ഈ വർഷം ഇടവകയുടെ പെരുന്നാളിനോടനുബന്ധിച്ച് മെയ് 12-ാം തീയതി നടത്തുന്നു. പ്രസ്തുത മത്സരത്തിൽ ഓരോ ഇടവകയിൽനിന്നും ഓരോ യൂണിറ്റിൽനിന്നും രണ്ടു പേരടങ്ങുന്ന ടീമിന് പങ്കെടുക്കാവുന്നതാണ്. ഒരു യൂണിറ്റ് മാത്രമുള്ള ഇടവകയിൽനിന്നും രണ്ട് ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. 15നും 30നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവർ ഇടവക വികാരിയുടെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. പൊതുവിജ്ഞാനം, സഭാചരിത്രം, വേദപുസ്തകം എന്നിവയെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ജോബിൻ ജോസി (9048703661), റോബിൻ വർഗീസ് (9961309132) മിഥുൻ റ്റി.മാത്യു (9544282528) എന്നിവരുമായി ബന്ധപ്പെടുക.

## ഓർത്തഡോക്സ് സന്യാസ സമൂഹ സമ്മേളനം സമാപിച്ചു

റാന്നി : ആഗോളവൽക്കരണം ഊതിപ്പെരുപ്പിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ മറവിൽ നിസംഗരായി സന്യസ്തർ മാറരുതെന്ന് തോമസ് മാർ അത്താനാസിയോസ് പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ 17-ാമത് സന്യാസ സമൂഹ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആത്മീയത ശക്തിയും ദൗത്യവുമാണെന്ന അവബോധം മനസ്സിൽ നിറച്ച് കർമ്മരംഗം ശക്തിപ്പെടുത്താൻ സന്യസ്തർക്ക് കഴിയണം. സന്യാസ പ്രസ്ഥാനങ്ങൾ സഭയുടെ ഊർജ്ജമാണ്. ത്യാഗവും സമർപ്പണവുമാണ് ക്രൈസ്തവ മുഖമുദ്ര. ഏകാന്തപഥികരല്ല സന്യാസിമാർ. സഭയെ നയിക്കാനും തിരുത്തുവാനും ആർജ്ജവം കാട്ടേണ്ടവരാണ് അവരെന്ന് അദ്ദേഹം പറഞ്ഞു.

സന്യാസി സ്വയം പരിത്യാഗത്തിന്റെ പര്യായമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ സന്യാസ സമൂഹത്തിന്റെ പ്രസിഡന്റ് ഡോ.യാക്കോബ് മാർ ഐറേനിയോസ് സമാപന സന്ദേശത്തിൽ പറഞ്ഞു. യേശുവിനെ പൂർണ്ണമായി സ്നേഹിക്കുന്നവരായിരിക്കണം സന്യസ്തർ എന്നും സന്യാസ ദീക്ഷത്വം സത്യത്തിന്റെ അറിവിലേക്കും സന്യാസ ശിഷ്യത്വം സ്വാതന്ത്ര്യത്തിലേക്കുമുള്ള വിളിയാണെന്നും അദ്ദേഹം പറഞ്ഞു.

കുറിയാക്കോസ് മാർ ക്ലീമ്മീസ്, മാത്യൂസ് മാർ തേവോദോസിയോസ്, യൂഹാനോൻ മാർ തേവോദോറോസ്, ഡോ.ജോഷ്വാമാർ നിക്കോദിമോസ്, സെക്രട്ടറി എ.ജി.ജോസഫ് റമ്പാൻ, ഔഗേൻ റമ്പാൻ, സിസ്റ്റർ സോഫിയ എന്നിവർ പ്രസംഗിച്ചു. പഴയ സെമിനാരി ചാപ്പലിൻ ഡോ.എം.എസ്.യൂഹാനോൻ റമ്പാൻ വിഷയം അവതരിപ്പിച്ചു.

## അഡ്മിഷൻ

ഹരിപ്പാട് സെന്റ് തോമസ് ഓർത്തഡോക്സ് ബാലഭവനിലേക്ക് പുതിയ കുട്ടികളുടെ അഡ്മിഷൻ 2013 മെയ്മാസത്തിൽ ആരംഭിക്കുന്നതാണ്. ആയതിലേക്ക് അഞ്ചുവയസ്സുമുതൽ പത്തുവയസ്സുവരെ പ്രായമുള്ള അനാഥരും നിർദ്ധനരുമായ ആൺകുഞ്ഞുങ്ങളെ ജാതിമത വ്യത്യാസമില്ലാതെ ഈ സ്ഥാപനത്തിൽ നിർത്തി പത്താംക്ലാസ്സുവരെ പഠിപ്പിക്കുന്നതാണ്. ബാലഭവന്റെ ഓഫീസിൽനിന്നും അപേക്ഷാഫോറം കിട്ടുന്നതാണ്. പൂരിപ്പിച്ച അപേക്ഷ മെയ്മാസം 11-ാം തീയതിക്കു മുമ്പായി ബാലഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ് എന്ന് സെക്രട്ടറി സുനിൽ കെ.ജോർജ് അറിയിച്ചു. ഫോൺ 0479-2139032, 2412764

## ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 2013-14 വർഷത്തെ പ്രവർത്തനോദ്ഘാടനം

കൊല്ലം : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 2013-14 വർഷത്തെ പ്രവർത്തനോദ്ഘാടനം നല്ലില സെന്റ് ഗബ്രിയേൽ ഓർത്തഡോക്സ് പള്ളിയിൽവെച്ച് കേരള മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജേക്കബ് ബഞ്ചമിൻ കോശി നിർവ്വഹിച്ചു. യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളീകാർപ്പോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. വി.കുർബ്ബാനയ്ക്കുശേഷം യുവജനങ്ങളുടെ വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി കൊട്ടാരക്കര മാർത്തോമ്മാ ജൂബിലി മന്ദിരത്തിലെ ഫാമിലി കൗൺസിലർ ലിറ്റി ജോസ് ക്ലാസ്സ് നയിച്ചു. ഉദ്ഘാടന പൊതുസമ്മേളനത്തിൽ വൈസ് പ്രസിഡന്റ് ഫാ.മാത്യൂസ് ടി.ജോൺ സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി ഫാ.പി.വൈ.ജസ്സൻ അടുത്ത ഒരു വർഷത്തേക്കുള്ള നയരേഖ അതരിപ്പിച്ചു. യുവജനപ്രസ്ഥാനം കൊല്ലം ഭദ്രാസന ജനറൽ സെക്രട്ടറി ഫാ.ജോൺ ഗീവർഗീസ്, ഇടവക വികാരി ഫാ.വൈ.തോമസ്, സഭാമാനേജിംഗ് കമ്മിറ്റി അംഗം ജോൺസൺ കല്ലട, കൊല്ലം ഭദ്രാസന കൗൺസിൽ അംഗം സി.ഐ.സ്റ്റീഫൻ, യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറി അഡ്വ.സജി ചൊവ്വള്ളൂർ എന്നിവർ ആശംസാപ്രസംഗം നടത്തി. കേന്ദ്ര ട്രഷറാർ പ്രിനു ടി.മാത്യൂസ് നന്ദി രേഖപ്പെടുത്തി. കേന്ദ്ര സെക്രട്ടറി ബിജു മാത്യു, എക്സി.കമ്മിറ്റി അംഗം അനിൽ ഇ.ടി.സി., ജോസി ജോൺ തുടങ്ങിയവർ സംബന്ധിച്ചു.

## നന്മനിറഞ്ഞ ജീവിതത്തിലൂടെ മാത്രം സ്വർഗ്ഗ രാജ്യം : മാർ തെയോഫിലോസ്

പാലക്കാട് : സ്നേഹവും നന്മയും നിറഞ്ഞ ജീവിതത്തിലൂടെ മാത്രമെ സ്വർഗ്ഗരാജ്യം കൈവരിക്കാനാവൂ എന്ന് ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസനാധിപൻ ഡോ.സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് മർത്തമറിയം സമാജം ഭദ്രാസന വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സത്പ്രവർത്തികൾ ചെയ്ത് മറ്റുള്ളവർക്ക് നാം മാതൃകയായി മാറണം. മാതൃകാപരമായ നമ്മുടെ ജീവിതം വഴി ലോകത്തിന് മുന്നിൽ നമുക്ക് പ്രകാശം തെളിയിക്കാനാവും. നമ്മുടെ നല്ല ജീവിതം നൽകുന്ന പാഠങ്ങളാണ് മറ്റുള്ളവരെ ഏറെ പഠിപ്പിക്കുന്നതിനേക്കാൾ പ്രയോജനമായി മാറുന്നത്. പ്രബോധനങ്ങൾ മനുഷ്യമനസ്സിനെ സ്പർശിക്കുന്നതും മാതൃകാപരമായ ജീവിതത്തിലൂടെ മാത്രമെ കഴിയൂ. ദൈവം നമ്മുടെ ജീവിതത്തിന്റെ വഴികൾക്കായി മാറണമെങ്കിൽ നാം അതിനായി ഏറെ പ്രയത്നിക്കണം. പ്രാർത്ഥനയിലൂന്നിയ പ്രയത്നങ്ങൾ ഫലമണിയുകതന്നെ ചെയ്യും - അദ്ദേഹം ഓർമ്മിപ്പിച്ചു.

ജില്ലാ കളക്ടർ കെ.വി.മോഹനകുമാർ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ.വി.വി.മാത്യു വാഴക്കൂട്ടത്തിൽ, സഭാ മാനേജിംഗ് കമ്മിറ്റിയംഗം ഫാ.പി.സി. അലക്സാണ്ടർ, ഫാ.ജേക്കബ് വർഗീസ്, പ്രൊഫ.മേരി മാത്യു, അന്നമ്മ ഫിലിപ്പ്, ശാന്തമ്മ ഏബ്രഹാം, സാജു സാം എന്നിവർ പ്രസംഗിച്ചു.

## വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

തിരുവല്ല : പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൊടിയേറ്റി. മെയ് 3 മുതൽ ഏഴുവരെ പെരുന്നാൾ നടക്കും. ഏഴിന് ഡോ.മാത്യൂസ് മാർ സേവേറിയോസിന്റെ കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന, പ്രദക്ഷിണം, ക്രിസ്തീയ സംഗീതകച്ചേരി എന്നിവ നടക്കും.

ചാത്തന്നൂർ : തെക്കൻ കേരളത്തിലെ പുരാതന ദേവാലയമായ ചാത്തന്നൂർ സെന്റ് ജോർജ് വലിയപള്ളിയിലെ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 28 മുതൽ മെയ് 7 വരെ ആചരിക്കും. ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന, റാസ, നേർച്ചവിളമ്പ് തുടങ്ങിയവ ഉണ്ടായിരിക്കും.

പന്തളം : അറത്തിൽ സെന്റ് ജോർജ് ഓർത്തഡോക്സ് മഹായിടവകയിലെ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 28 മുതൽ മെയ് 7 വരെ ആഘോഷിക്കും. കൺവൻഷൻ, ബാലസമാജം പ്രവർത്തനോദ്ഘാടനം, സൗജന്യനേത്രചികിത്സാക്യാമ്പ് തുടങ്ങിയവ ഉണ്ടായിരിക്കും. അഞ്ചാം തീയതി നടക്കുന്ന പൊതുസമ്മേളനം കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്യും. വികാരി ഫാ.ജോൺ ഡാനിയേൽ, സെക്രട്ടറി വി.വി.റോബിൻസൺ തുടങ്ങിയവർ നേതൃത്വം നൽകും.

കനകപ്പലം : കനകപ്പലം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിപെരുന്നാളും ഇടവക വെബ്സൈറ്റ് ഉദ്ഘാടനവും ഏപ്രിൽ 28 മുതൽ മെയ് എട്ടുവരെ നടക്കും. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിക്കും. പ്രാർത്ഥനാസംഗമം, ഗാനശുശ്രൂഷ, പ്രസംഗം, ക്വിസ് മത്സരം, വനിതാസംഗമം, പിതൃസ്മൃതി, റാസ തുടങ്ങിയവ ഉണ്ടായിരിക്കും.

കൊല്ലം : മുഖത്തല സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 30 മുതൽ മെയ് 3 വരെ ആചരിക്കും. തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മുഖ്യകാർമ്മികത്വം വഹിക്കും.

നല്ലില : പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ ബഥേൽ സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ പ.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആരംഭിച്ചു. ഏപ്രിൽ 28ന് ഫാ.ഡോ.എം.ഒ.ജോൺ പെരുന്നാൾ കൊടിയേറ്റി.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor